RAMRAJ ©
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 8 ● ലക്കം 12 ● ഓഗസ്റ്റ് 2026 ● വില: 18 രൂപ

# വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

## മികവ്
## പ്രത്യേക പതിപ്പ്




RAMRAJ
COTTON
WHITE SHIRTS
PURE.
REFINED.
ICONIC.

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

നമ്മിൽ അന്തർലീനമായിരിക്കുന്ന മികവ് കണ്ടെത്തി അത്
ദിനംതോറുമുള്ള പരിശീലനത്തിലൂടെ വളർത്തി ആഗ്രഹിക്കുന്ന
വിധം നമ്മെ ഉയരങ്ങളിൽ എത്താൻ വഴി കാട്ടുന്ന

# മികവ്
## പ്രത്യേക പതിപ്പ്

താങ്കൾക്ക് നൽകുന്നതിൽ
അഭിമാനമുണ്ട്.



# മികവിന്റെ വെളിച്ചം



**പ്രിയരേ,**

മികവാണ് അവസരങ്ങളുടെ താക്കോൽ. എത്രയോ ഇരുണ്ട കാലത്തിൽ കൂടിയാണ് നിങ്ങൾ കടന്നു പോകുന്നത് എന്നാലും മികവ് ഉണ്ടെങ്കിൽ നമുക്കു മേൽ വെളിച്ചം വീഴും. ജീവിതത്തിൽ വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള വലിയ വിജയികളുടെ വളർച്ചയുടെ പിന്നിൽ മികവാണ് എന്ന കണ്ടെത്തൽ നമ്മെ ആവേശ ഭരിതരാക്കും. അടുത്തിടെ നടന്ന ലോക കപ്പ് ഫുട്ബോൾ തന്നെ സമീപകാലത്തെ വലിയ ഉദാഹരണം. കേപ്പ് വെർദെ ഒരു ചെറിയ രാജ്യമാണ്. അവർ ആദ്യമായാണ് ലോകകപ്പ് കളത്തിൽ ഇറങ്ങുന്നത്. പക്ഷേ അവർ ആദ്യ മത്സരത്തിൽ തന്നെ ഫുട്ബോളിൽ കരുത്തരായ സ്പെയിനെ വിറപ്പിച്ചു. അർജന്റീനയെ നോക്ക് ഔട്ടിൽ രണ്ടു ഗോളിന് സമനിലയിൽ തളച്ചു. സെൽഫ് ഗോൾ വേണ്ടി വന്നു ആ കളിയിൽ അർജന്റീനയ്ക്ക് ജയിക്കാൻ.

കേരളത്തിലെ ജനസംഖ്യ മൂന്നര കോടിയാണ്. ആഫ്രിക്കയിലെ ഒരു ദ്വീപായ കേപ്പ് വെർദെയുടെ ജനസംഖ്യ അഞ്ചു ലക്ഷം. യൂറോപ്പിൽ കുടിയേറി എന്തെങ്കിലും ജോലി തരപ്പെടുത്തണം എന്നതാണ് ആ നാട്ടിലെ ഓരോ ആളുടെയും സ്വപ്നം. യാതൊരു പ്രത്യേകതയും ഇല്ലാത്ത ഈ നാട് ഒരു പുതിയ ഫുട്ബോൾ അസോസിയേഷൻ സ്ഥാപിച്ച് ലോക കപ്പിൽ മത്സരിക്കാനുള്ള അവസരം തേടി കളി തുടങ്ങുന്നത് 1982-ൽ. 2026 -ൽ ആ സ്വപ്നം യാഥാർത്ഥ്യമായി.


ആദ്യമായി ലോകകപ്പിൽ പങ്കെടുക്കുന്ന ഈ കുഞ്ഞു രാജ്യത്തിന്റെ പോരാട്ടം ലോക കപ്പിൽ ആദ്യ സ്ഥാനങ്ങളിൽ ഉള്ള സ്പെയിനുമായിട്ടായിരുന്നു.ഫുട്ബോളിൽ ഒരു വിധത്തിലും മുന്നിൽ എത്തുകയില്ലെന്നു കരുതി അവഗണിക്കപ്പെട്ട കേപ്പ് വെർദെ തങ്ങളുടെ മികവുറ്റ പ്രകടനത്തിലൂടെ എല്ലാ രാജ്യങ്ങളുടെയും കണ്ണിലുണ്ണിയായി. ഇതിൽ അവരുടെ ഗോളി വോസിഞ്ഞയുടെ പ്രകടനമായിരുന്നു ഗംഭീരം. അദ്ദേഹം സ്പെയിനിന്റെ ഏഴു ഗോളുകൾ തടുത്ത് അത്ഭുതപ്പെടുത്തി. സ്പെയിനിന് ഗോൾ

അടിക്കാനേ കഴിഞ്ഞില്ല. മത്സരം സമനിലയിൽ കലാശിച്ചു. ഈ സമനില വിജയത്തേക്കാൾ വലിയ വിജയമായി കൊണ്ടാടപ്പെടുന്നു. മൈതാനം നിറഞ്ഞിരുന്ന സ്പെയിൻ ആരാധകരും കേപ്പ് വെർദെയെ പുകഴ്ത്തി.

കേപ്പ് വെർദെ ഗോൾ കീപ്പർ വോസിഞ്ഞക്ക് 40 വയസ്സാണ് പ്രായം. പൊതുവേ, കളിക്കാർ വിരമിക്കുന്ന ഈ പ്രായത്തിൽ ലോകകപ്പിൽ ആദ്യമായി കളിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചതാണ്. ഒറ്റരാത്രിയിൽ അദ്ദേഹം ലോകമെമ്പാടും ഉള്ള ഫുട്ബോൾ ആരാധകരുടെ ഹൃദയം കവർന്നു, സ്വന്തം നാട്ടിൽ വലിയ ഹീറോ ആയി ഉയർന്നു. കളി തുടങ്ങുമ്പോൾ അദ്ദേഹത്തിന്റെ ഇൻസ്റ്റഗ്രാം അക്കൗണ്ട് പിന്തുടരുന്നവരുടെ എണ്ണം അമ്പതിനായിരം പോലുമില്ല. കളി കഴിഞ്ഞ് 12 മണിക്കൂറിനുള്ളിൽ അത് അമ്പത് ലക്ഷമായി ഉയർന്നു. ഈ മത്സരത്തിനു മുമ്പ് സ്പെയിനെതിരെ ഏതോ ഒരു ആഫ്രിക്കൻ രാഷ്ട്രം മത്സരിക്കുന്നു എന്നായിരുന്നു എല്ലാവരും പറഞ്ഞത്. കളി കഴിഞ്ഞതോടെ ഭൂപടത്തിൽ ചെറിയ കുത്തുകൾ ആയി മാത്രം കാണുന്ന ഈ ദ്വീപുകളെ കുറിച്ചറിയാൻ ലോകമെമ്പാടും ഉള്ളവർ വിവരങ്ങൾ തെരഞ്ഞു. മികവുറ്റവരെ സമൂഹം എങ്ങനെ കാണുന്നു എന്നതിന്റെ ഏറ്റവും തിളക്കമാർന്ന ഉദാഹരണമാണ് ഈ മത്സരം.

വിദ്യാഭ്യാസം ഒരു മനുഷ്യന്റെ അറിവും മികവും വളർത്താനുള്ളതാണ്. അത് ഒരാളുടെ ജീവിതം മാറ്റുമെന്ന് കരുതപ്പെട്ടു. പക്ഷേ, ഇന്ന് മാർക്കുകൾ മാത്രം മതിക്കപ്പെടുന്ന സാഹചര്യത്തിൽ മികവ് അപ്രധാനമായി മാറി. ഇന്ത്യ പോലെയുള്ള വികസ്വര രാജ്യങ്ങൾ പ്രശ്നങ്ങളിലാണ്. ഇന്ന് എൽ കെ ജി മുതൽ എഞ്ചിനീയറിംഗ് ഡിഗ്രി വരെ വൻതുക മുടക്കി പഠിച്ചവർ ജോലി കിട്ടാതെ ഉഴലുകയാണ്. വ്യവസായ സ്ഥാപനങ്ങൾക്ക് ബിരുദ ധാരികളെ ലഭിക്കുന്നു എന്നതൊഴിച്ചാൽ അവർക്ക് മികവുറ്റവരെ ലഭിക്കുന്നില്ല.

സോഹോ പോലെയുള്ള സ്ഥാപനങ്ങൾ തങ്ങൾക്ക് ബിരുദധാരികളെ വേണ്ട, പകരം സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞവരെ തങ്ങൾ പരിശീലിപ്പിച്ചു ജോലിക്ക് എടുക്കാം എന്ന് പറയുന്നു. പല സ്ഥാപനങ്ങളും തങ്ങൾക്കു വേണ്ട വിധത്തിൽ മികവുറ്റവരെ സജ്ജമാക്കാൻ പരിശീലനം നൽകി വരുന്നു.


The Culturepreneur

വ്യക്തികളും സ്ഥാപനങ്ങളും വലിയ വിജയം കൈവരിക്കുന്നതിനു പിന്നിൽ മികവാണ് പ്രധാന കാരണം. മികവ് ഉള്ളവരുടെ കുറവ് മൂലം വ്യവസായങ്ങൾ പ്രതിസന്ധി അഭിമുഖീകരിക്കുന്നു. വിദ്യാഭ്യാസം എന്നാൽ അറിവും മികവും ഒത്തിണക്കി കൊണ്ടു പോകേണ്ട ഒന്നാണ് എന്ന് നാം അറിഞ്ഞിരിക്കണം. മാർക്കുകൾ കോളേജിൽ പ്രവേശനത്തിന് സഹായിക്കാം. ജോലി സാധ്യതയ്ക്കും ജോലിയിലെ വളർച്ചയ്ക്കും മികവാണ് മൂലധനം.

അംബാനി വ്യവസായ സാമ്രാജ്യത്തിന് അടിത്തറയിട്ട ധിരുബായ് അംബാനി ബിരുദ ധാരിയല്ല. ഗൾഫിൽ ഒരു പെട്രോൾ നിലയത്തിൽ അദ്ദേഹം ജോലി ചെയ്തിരുന്നു. അദ്ദേഹത്തിന് ഗണിതത്തിലോ ശാസ്ത്രത്തിലോ വലിയ അറിവില്ല. എന്നാൽ അവസരങ്ങൾ ഉപയോഗിക്കാനും വേണ്ട അവസരങ്ങൾ സൃഷ്ടിക്കാനും അദ്ദേഹത്തിനു കഴിവുണ്ട്. അത് അദ്ദേഹത്തെ വിജയിയായ വ്യവസായി ആക്കി മാറ്റിയത്.

ഐക്യ രാഷ്ട്ര സഭ എല്ലാ വർഷവും ജൂലൈ 15-ന് ലോക സ്കിൽസ് ദിനമായി ആചരിക്കുന്നു. മികവുറ്റ യുവ ജനതയാണ് ലോകത്ത് വളർച്ച ഉണ്ടാക്കുന്നതെന്ന് അറിഞ്ഞ് ഓരോ വർഷവും അവർ ഓരോ ലക്ഷ്യം പ്രഖ്യാപിക്കുന്നു. വ്യവസായത്തിൽ എ ഐ ഒരു പ്രധാന ഘടകമായി മാറുന്ന സാഹചര്യത്തിൽ ജോലി സാധ്യതകളെ അത് നന്നായി ബാധിക്കും. ഒരാൾ മറ്റൊരാളുടെ മികവുമായി പോരാടുന്നതിനു പകരം സാങ്കേതിക വിദ്യയുമായി അവർ പോരാടണം.


മികവ് എന്നത് നമുക്ക് പരിശീലനത്തിലൂടെ ലഭിക്കുന്ന വലിയ ഗുരു ആണ്. ഓരോ വ്യക്തിക്കും ഏതെങ്കിലും തനതു കഴിവ് ഉണ്ടാകും. നാം അത് കണ്ടെത്തണം. അത് നഷ്ടപ്പെടാതെ പരിശീലനത്തിലൂടെ മെച്ചപ്പെടുത്തിക്കൊണ്ടിരിക്കണം. ആ പാടവം വളർത്തി ഉയരങ്ങളിൽ എത്തണം.

ഗുരു കൃപ

**സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്**

**കെ ആർ നാഗരാജൻ**

**സ്ഥാപകൻ, രാംരാജ് കോട്ടൺ**



# പാടവം എങ്ങനെ വളർത്താം?

തരുൺ കമ്പ്യൂട്ടറിൽ തിരക്കിട്ട് ജോലി ചെയ്യുമ്പോൾ കോളിംഗ് ബെൽ അടിച്ചു. അമ്മ കതകു തുറന്നു. അയൽക്കാരി മധുരപലഹാരങ്ങളുമായി വന്നിരിക്കുകയാണ്. 'കോളേജ് പഠനം കഴിഞ്ഞ എന്റെ മകന് ജോലി കിട്ടി,' അവർ പറഞ്ഞു. ഒരു ബഹുരാഷ്ട്ര കമ്പനിയിലാണ് ജോലി കിട്ടിയിരിക്കുന്നത്. 'വർഷം 12 ലക്ഷം രൂപ ശമ്പളം,' അവർ തെല്ല് അഹങ്കാരത്തോടെ പറഞ്ഞു. അമ്മ അവരെ ഉള്ളിലേക്ക്വിളിച്ചപ്പോൾഅവർ,'അതുശരി,മകൻ ഏതെങ്കിലും ഇന്റർവ്യൂവിനു പോകുന്നുണ്ടോ' എന്ന് ആരാഞ്ഞു. 'ഇല്ല, അവൻ പുതിയ ഒരു പ്രോഗ്രാം എഴുതിക്കൊണ്ടിരിക്കുകയാണ്,' എന്ന് അമ്മ മറുപടി പറഞ്ഞു. അപ്പോൾ അവർ, 'എപ്പോഴും കമ്പ്യൂട്ടറിൽ കളിച്ചു കൊണ്ടിരുന്നാൽ എങ്ങനെ ജോലി കിട്ടും? എന്റെ മകനെ കണ്ട് പഠിക്കണം' എന്ന് കളിയായി പറഞ്ഞു. അവർ വീട്ടിൽ വന്നതു തന്നെ അതിനാണ് എന്ന് തരുണിന്റെ അമ്മയ്ക്ക് മനസ്സിലായി.

ഒരു വർഷത്തിനു ശേഷം അതേ അയൽക്കാരി വലിയ വിഷമത്തോടെ വീട്ടിൽ വന്നു. 'എന്റെ മകന്റെ ജോലി നഷ്ടപ്പെട്ടു,' അവർ പറഞ്ഞു. 'അവന് പ്രോഗ്രാമിങ്ങിൽ പ്രാവീണ്യമുണ്ടെങ്കിൽ എന്നോടു വന്ന് സംസാരിക്കാൻ പറയൂ. എന്റെ കമ്പനിയിൽ ജോലി തരാം' എന്ന് തരുൺ പറഞ്ഞു. ആ സ്ത്രീക്ക് അവൻ എന്താണ് പറയുന്നതെന്ന് മനസ്സിലായില്ല. അപ്പോൾ അവൻ വിശദീകരിച്ചു, 'ഞാൻ ഒരു ചെറിയ കമ്പനി നടത്തുന്നുണ്ട്. ഒട്ടേറെ പ്രോജക്റ്റ് ചെയ്യുന്നുണ്ട്. എന്റെ ഒപ്പം ഇരുപതു പേർ ജോലി ചെയ്യുന്നുണ്ട്' എന്ന് തരുൺ പറഞ്ഞു. അവൻ കമ്പ്യൂട്ടറിൽ ഇതു വരെ ചെയ്തു വന്നത് എന്താണെന്ന് ഇപ്പോഴാണ് അവർക്ക് മനസ്സിലായത്.

മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി മികവും വൈദഗ്ധ്യവും ഉള്ളവർക്ക് ഈ ലോകത്ത് എല്ലാ കതകുകളും തുറക്കപ്പെടും. ആ മിടുക്ക് എന്താണ്? ആ കഴിവ് എങ്ങനെ നിങ്ങൾക്ക് വളർത്താനാകും?

ഒരാൾ ജീവിതകാലം മുഴുവൻ ഒരു വിഷയത്തിൽ നടത്തുന്ന പഠനം, അതു വഴി ലഭിക്കുന്ന

അനുഭവങ്ങൾ, അത് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവയെല്ലാം ചേരുമ്പോൾ ആ വ്യക്തിക്ക് ഒരു സവിശേഷ സിദ്ധി ലഭിക്കുന്നു. അത് അവർ എങ്ങനെ വളർത്തുന്നു എന്നതാണ് മറ്റുള്ളവരിൽ നിന്ന് ആ വ്യക്തിയെ വേർതിരിക്കുന്ന സവിശേഷത. ഇത് ശരിയായി മനസ്സിലാക്കി നൈപുണ്യം ആർജിക്കുന്നവർക്ക് എല്ലാ അവസരങ്ങളും കൈവരും.

ഒരാൾ തന്റെ വ്യക്തി ജീവിതത്തിലും തൊഴിൽ ജീവിതത്തിലും പല നൈപുണ്യങ്ങൾ ആർജിക്കേണ്ടതുണ്ട്. ഇവ രണ്ടും ചേരുമ്പോഴേ അവർക്ക് പേരും ഉയർച്ചയും ലഭിക്കൂ. എത്ര വൈദഗ്ധ്യം ഉള്ളവർ ആണെങ്കിലും സ്വന്തം ജീവിതത്തിൽ അച്ചടക്കം ഇല്ലാത്ത ഒരാളെ ആരും ഇഷ്ടപ്പെടില്ല. വ്യക്തി ജീവിതത്തിൽ നല്ല അച്ചടക്കം പാലിക്കുന്ന ഒരാൾക്ക് ശരാശരി കഴിവ് മാത്രമേ ഉള്ളുവെങ്കിൽ,'അയാൾ നല്ലവനാണ്, പക്ഷേ മിടുക്കനല്ല' എന്ന് പറഞ്ഞ് അവഗണിക്കും.



പലതരം നൈപുണ്യങ്ങൾ ഉള്ള ഒരാളെ എല്ലാ സ്ഥാപനങ്ങളും ഇഷ്ടപ്പെടും. അതിനാലാണ് ഒരാൾ തന്റെ സ്വതസിദ്ധമായ കഴിവുകൾക്കൊപ്പം അതേ മേഖലയിൽ മറ്റൊരു നൈപുണ്യവും കരസ്ഥമാക്കണം എന്ന് പറയുന്നത്. ഈ രണ്ടു കഴിവുകളും ഉള്ളവരെയാണ് സ്ഥാപനങ്ങൾ തേടുന്നത്. ശരിയായ പാടവം ഉള്ളവർക്ക് ഒരു ജോലി കിട്ടുന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ല. അവർ തങ്ങളുടെ പാടവം പ്രകടിപ്പിക്കുമ്പോൾ ജോലിയിൽ ഉയർച്ചയും ലഭിക്കും. അവരുടെ മികവ് ആ സ്ഥാപനത്തിന്റെ വളർച്ചയെ സഹായിക്കും.


ഏതു ജോലിയിലാണെങ്കിലും ഏതു പ്രവൃത്തി ചെയ്താലും ഒരാളുടെ സവിശേഷ മികവ് പ്രധാനമാണ്. ആ മികവുകൾ അയാളുടെ സ്വഭാവത്തിന് ഒരു സവിശേഷത നൽകും. അദ്ദേഹം എങ്ങനെയാണ് പ്രവർത്തിക്കുന്നത്, മറ്റുള്ളവരോട് എങ്ങനെയാണ് ഇടപഴകുന്നത്, തന്റെ വികാരങ്ങൾ എങ്ങനെയാണ് വെളിപ്പെടുത്തുന്നത് എന്നിങ്ങനെയുള്ള പല വിഷയങ്ങളാണ് ഇവ നിർണയിക്കുന്നത്. അത്തരത്തിൽ ഒരാൾക്ക് ചില അടിസ്ഥാന പാടവങ്ങൾ അവശ്യമാണ്.

ഒരാൾക്ക് അവശ്യമായ ഒരു ഗുണം ആർജവമാണ്. വാക്കിനും പ്രവർത്തിക്കും വ്യത്യാസം ഇല്ലാതെ കാര്യങ്ങൾ നടക്കണം. അപ്പോഴാണ് ഒരാൾ പറയുന്ന വാക്കുകൾക്കു വില ഉണ്ടാകൂ. ടൈം മാനേജ്മെന്റിൽ കാർക്കശ്യം പാലിക്കുന്നത്, മാറ്റി വയ്ക്കാതെ ജോലി ചെയ്യുന്നത്, പ്രശ്നങ്ങൾ സംസാരിച്ചു തീർക്കുന്നത്, വ്യത്യസ്തമായി ചിന്തിച്ച് തീരുമാനങ്ങൾ എടുക്കുന്നത്, തെറ്റ് ചെയ്താൽ അതോർത്തു മനസ്സ് പുണ്ണാക്കാതെ പുതുതായി പാഠങ്ങൾ പഠിക്കാൻ തയാറാകുന്നത്, അന്തസ്സോടെ നടക്കുന്നത് തുടങ്ങിയവ എല്ലാം നമുക്ക് വേണ്ട അടിസ്ഥാന ഗുണങ്ങളാണ്.

വിദേശ രാജ്യങ്ങളുമായി ബിസിനസ് ചെയ്യുന്ന ഒരു സ്ഥാപനം ആണെങ്കിൽ ആ രാജ്യത്തെ ഭാഷ അറിഞ്ഞിരിക്കുന്നത് ആ സ്ഥാപനത്തിൽ നിങ്ങളുടെ പ്രാധാന്യം കൂട്ടും. ഇംഗ്ലീഷിൽ നന്നായി സംസാരിക്കുന്നതു പോലും ഒരു തനതു കഴിവാണ്. വടക്കേ ഇന്ത്യയിൽ നിന്ന് ധാരാളം പേർ ഇവിടെ ജോലിക്കായി വരുന്ന സാഹചര്യത്തിൽ അവർക്ക് മനസ്സിലാകുന്ന വിധം ഹിന്ദി സംസാരിക്കുന്നത് പോലും ഒരു മികവാണ്. വിൽപന ശാലകളിൽ പണിയെടുക്കുന്നവർക്ക് തങ്ങളുടെ ഉൽപന്നം എന്തെന്ന് വിശദീകരിച്ച് അവ വിറ്റഴിക്കാനുള്ള നൈപുണ്യം ഉണ്ടായിരിക്കണം.

മാത്സര്യം നിറഞ്ഞതാണ് ഇന്നത്തെ ലോകം. മനുഷ്യർ ഒരു ദിവസം കൊണ്ട് ചെയ്യുന്ന ജോലി ചില മിനിറ്റുകൾക്കുള്ളിൽ ചെയ്യുന്ന സാങ്കേതികവിദ്യയും നമുക്ക് മുന്നിലുണ്ട്. ഈ സാഹചര്യത്തിൽ നിങ്ങൾക്ക് സവിശേഷമായ മികവ് ഉണ്ടെങ്കിൽ അത് നിങ്ങളെ സഹപ്രവർത്തകരിൽ നിന്നും സാങ്കേതിക വിദ്യയിൽ നിന്നും വ്യത്യസ്തമായ കഴിവുള്ള ഒരാളാക്കി മാറ്റും. ശരിയായ നൈപുണ്യം നേടാനായിരിക്കണം നിങ്ങൾ ശ്രമിക്കേണ്ടത്. ●

# സമയം പാഴാക്കിയില്ല



ഒരു ഗ്രാമത്തിൽ മികവുറ്റ വാളുകൾ നിർമ്മിക്കുന്ന ഒരു കൊല്ലൻ ഉണ്ടായിരുന്നു. അയാൾ ഉണ്ടാക്കുന്ന വാളുകൾ എത്ര വർഷം കഴിഞ്ഞാലും എത്ര യുദ്ധങ്ങൾ കഴിഞ്ഞാലും നല്ല മൂർച്ചയോടെ പുത്തൻ വാൾ പോലെയിരുന്നു. അഴകും ശിൽപ ഭംഗിയുമുള്ള ആ വാൾ കൈയിൽ ഇരുന്നാൽ ഏതു പോരാളിക്കും ആത്മവിശ്വാസം കൂടും. അതിനാൽ ആ നാട്ടിലുള്ള എല്ലാ പോരാളികളും അയാൾ ഉണ്ടാക്കുന്ന വാൾ വാങ്ങാൻ മത്സരിച്ചു. നാട് മുഴുവൻ അയാളുടെ പ്രശസ്തി പരന്നു, സേനാ നായകൻ തന്നെ അയാളുടെ പക്കൽ നിന്ന് വാൾ വാങ്ങിത്തുടങ്ങി.

വളരെ വിദൂരമായ ഗ്രാമത്തിൽ ഇരുന്ന് നാട്ടിലെ ഏറ്റവും മികച്ച വാളുകൾ നിർമ്മിക്കുന്ന ആ മിടുക്കനെ ഒരു തവണ രാജാവ് തന്നെ തന്റെ അരമനയ്ക്ക് ക്ഷണിച്ചു. 'എങ്ങനെയാണ് ഈ നൈപുണ്യം നിങ്ങൾ കരസ്ഥമാക്കിയത്' രാജാവ് ചോദിച്ചു.

'അത് വളരെ ലളിതമായ കാര്യമാണ് മഹാരാജാ... എന്റെ ചെറിയ പ്രായം മുതൽ അച്ഛന്റെ ആല കണ്ടാണ് ഞാൻ വളർന്നത്. സ്വാഭാവികമായി ഈ ജോലി ഞാൻ ഇഷ്ടപ്പെട്ടു ചെയ്തു തുടങ്ങി. ഓരോ വാളും ഏറ്റവും ശ്രദ്ധയോടെയാണ് ഞാൻ പണിതത്. ഈ തൊഴിലിൽ രാജ്യത്തെ മികവുറ്റ വ്യക്തിയാകണം എന്ന് ഞാൻ ഉറപ്പിച്ചു. അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഞാൻ പഠിച്ചു. ഇതിൽ അല്ലാതെ മറ്റൊന്നിലും എന്റെ ശ്രദ്ധ പോയില്ല. അതാണ് എന്റെ വിജയത്തിന്റെ രഹസ്യം,' യുവാവ് പറഞ്ഞു.

# 10 വർഷത്തെ അധ്വാനം



ഇപ്പോൾ 20 അല്ലെങ്കിൽ 30 വയസ്സിൽ ഉള്ള ഒരു യുവാവ് അടുത്ത പത്തു വർഷങ്ങളിൽ അധ്വാനിച്ചു പഠിച്ച് തന്റെ മികവ് വർധിപ്പിച്ച് ജീവിത വിജയം നേടാൻ എന്ത് ചെയ്യണം?

• മറ്റുള്ളവരേക്കാൾ നിങ്ങൾക്ക് കൂടുതൽ സമയം ലഭിക്കും. ശാരീരിക സൗഖ്യത്തിനായി വ്യായാമം ചെയ്യാനും മനശ്ശക്തിക്കായി യോഗ പോലുള്ളവ ചെയ്യാനും അതിരാവിലെ ഉപയോഗപ്പെടുത്താം. ഇത് ദിനചര്യയായാൽ, നിങ്ങളുടെ ജീവിതം നിറവുറ്റതാകും.

• ഒരു പ്രാവീണ്യം കൊണ്ട് പേരോ പണമോ വലിയവരുടെ സംസർഗമോ നിങ്ങൾക്ക് ഉണ്ടാകണം. നിങ്ങളെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാക്കുന്ന വിഷയങ്ങൾ ആണിവ. അതിന് ഉതകുന്ന പ്രാവീണ്യം നിങ്ങൾ നേടണം.

• നിങ്ങൾ ഏതു മേഖലയിൽ വ്യാപാരിച്ചാലും ആ രംഗത്തെ മാറ്റങ്ങൾ നിരീക്ഷിക്കണം. പുസ്തകങ്ങൾ വായിച്ചും വെബ്സൈറ്റുകളിൽ തെരഞ്ഞും അനുഭവമുള്ളവരോട് സംസാരിച്ചു വായിച്ചും നിങ്ങൾ മുന്നേറണം. അതിനു ശേഷം നിങ്ങൾ ഒരു ശരാശരി വ്യക്തിയായി താഴ്ന്നു പോകില്ല.

• നിങ്ങൾ പഠിച്ച വിഷയങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുന്നതിൽ അർത്ഥമില്ല. അവ ഉപയോയോഗപ്പെടുത്തി നിങ്ങളുടെ മേഖലയിൽ മുന്നേറണം. വ്യക്തമായ മനസ്സുമായി ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കുന്ന ഒരാൾ മറ്റുള്ളവരേക്കാൾ എളുപ്പത്തിൽ മുന്നേറും.

• എട്ടു മണിക്കൂർ ജോലി ചെയ്ത് ലഭിക്കുന്ന വരുമാനം കൊണ്ട് ജീവിച്ചാൽ അത് ശരാശരി ജീവിതമായിരിക്കും. നിങ്ങൾക്ക് അറിയാവുന്ന ഒരു കഴിവ് കൊണ്ട് കൂടുതൽ സമ്പാദിക്കാൻ ശ്രമിക്കണം. അല്ലെങ്കിൽ നിങ്ങളുടെ പണം നന്നായി നിക്ഷേപിക്കണം.

# “മറ്റുള്ളവരെ തീരുമാനിക്കാൻ അനുവദിക്കരുത്”



സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിനി ആണെങ്കിലും അവൾ എല്ലാ വിഷയവും ഹാസ്യരൂപേണെ അവതരിപ്പിക്കും. ആ പെൺകുട്ടി, പുണിത ഇപ്പോൾ ദുഃഖിതയെപോലെ കാണപ്പെട്ടു. അമ്മ വലിയ വിഷമത്തോടെ എന്താണ് കാരണം എന്ന് അന്വേഷിച്ചു. ‘ഞാൻ ക്രോഷ നൂലുകൾ വച്ച് പലവിധ വസ്തുക്കൾ ഉണ്ടാക്കുമെന്ന് അമ്മക്കറിയില്ലേ? അത്തരത്തിൽ ഒരു ഭംഗിയുള്ള വളയുണ്ടാക്കി അണിഞ്ഞു കൊണ്ടു പോയി. ഒരു പെൺകുട്ടി അത് പിടിച്ചു വാങ്ങി, ‘ഇത് കാശിനു കൊള്ളില്ല’ എന്ന് പറഞ്ഞ് പൊട്ടിച്ചു കളഞ്ഞു’ പുണ്യ പറഞ്ഞു. ‘നിനക്ക് ആ വളയെക്കുറിച്ച് എന്തു തോന്നി?’ അമ്മ ചോദിച്ചു. ‘മനോഹരമായിരുന്നു അത്’ അവൾ പറഞ്ഞു. ‘നീ അത് മാത്രം നോക്കിയാൽ മതി. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ നല്ലതോ ചീത്തയോ എന്ന് മറ്റുള്ളവർ അല്ല നിശ്ചയിക്കേണ്ടത്’ എന്ന് അമ്മ ഉറപ്പിച്ചു പറഞ്ഞു.

അതിനു ശേഷം പുണ്യ ക്രോഷ നൂലുകൾ ഉപയോഗിച്ച് ധാരാളം വസ്തുക്കൾ ഉണ്ടാക്കി. ഒരു ഇൻസ്റ്റഗ്രാം പ്രൊഫൈൽ ഉണ്ടാക്കി അത് വഴി അത് വിൽക്കാൻ തുടങ്ങി. പ്രമുഖർ പലരും അത് ഇഷ്ടപ്പെട്ടു വാങ്ങി അണിഞ്ഞു. ഘട്ടംഘട്ടമായി സൗന്ദര്യ സംവർധക വസ്തുക്കൾ, വസ്ത്രങ്ങൾ എന്നിവയും അവൾ തയാറാക്കി അങ്ങനെ വിൽക്കാൻ ആരംഭിച്ചു. സ്കൂൾ പഠനം പൂർത്തിയാക്കും മുമ്പേ അവൾ അങ്ങനെ ബിസിനസ് സംരംഭകയായി. ഇതിനു കാരണം തന്റെ പ്രാവീണ്യം മറ്റുള്ളവരെ നിശ്ചയിക്കാൻ അവൾ അനുവദിച്ചില്ല എന്നതു തന്നെ.

# നൈപുണ്യം വളർത്താനുള്ള വഴികൾ



- പരിഹരിക്കാനാവാത്ത ഒരു പ്രശ്നവും ഇല്ല. ഇപ്പോൾ നിങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി എന്തു തന്നെയായാലും അത് പരിഹരിക്കാനുള്ള മാർഗം നിങ്ങളുടെ കൺ മുന്നിൽ ഉണ്ട്.
- ഇന്ന് നിങ്ങളെ വലയം ചെയ്യുന്ന ഭീഷണി എന്തു തന്നെയായാലും തോറ്റു പോയെന്ന് ഒരിക്കലും കരുതരുത്. ഏതു പ്രതിസന്ധിയും നേരിടാനുള്ള പ്രാവീണ്യവും ആത്മവിശ്വാസവും നിങ്ങൾക്കുണ്ട്.
- നിങ്ങളെപ്പറ്റി നിങ്ങൾ എങ്ങനെ ഭാവന ചെയ്യുന്നു എന്നത് നിങ്ങളുടെ സന്തോഷത്തെ ബാധിക്കും. ബഹുമാന്യനായ വ്യക്തിയാണ് നിങ്ങൾ എന്ന് സ്വയം കരുതണം. അധമ ബോധം വേണ്ട. ആത്മവിശ്വാസം ഇല്ലാതാകരുത്.
- മറ്റുള്ളവരുടെ പ്രതികൂലമായ വിമർശനങ്ങൾ അവഗണിക്കുക. അത് നിങ്ങളെ മാറ്റാൻ ഉദ്ദേശിച്ചുള്ളതല്ല.നിങ്ങളെ വീഴ്ത്താൻ ഉള്ള വലകൾ ആണ് അവ.
- നിങ്ങൾ സന്തുഷ്ടരായി ഇരിക്കുന്നത് പോലെ നിങ്ങളെ ഉപദേശിക്കുന്ന സുഹൃത്തിനെയും താഴ്ത്തി കെട്ടാതെ സന്തോഷഭരിതനാക്കുക.
- പണവും മറ്റു വസ്തുക്കളും പോലെ താങ്കളെ പ്രലോഭിപ്പിക്കുന്ന എന്തും ഒഴിവാക്കണം. നിങ്ങൾക്ക് അവ ആർജവത്തോടെ നേടാവുന്ന ഒരു നാൾ തീർച്ചയായും കൈവരും.
- നിങ്ങൾ നേടാൻ ആഗ്രഹിക്കുന്നത് എന്തു തന്നെ ആയാലും അതിനായി റിസ്ക് എടുക്കാൻ മടിക്കരുത്. ●




# നിർവഹണത്തിൽ പ്രാവീണ്യം നേടാനുള്ള 10 വഴികൾ

ഒരു സ്ഥാപനത്തിന്റെ മേധാവിക്ക് മാത്രമാണ് മാനേജ്മെന്റ് ശേഷി വേണ്ടത് എന്ന് ഒരിക്കലും കരുതരുത്. കുടുംബം, ജോലി, വ്യവസായം, വ്യാപാരം, വിദ്യാഭ്യാസം തുടങ്ങി എല്ലാ സ്ഥലത്തും മാനേജ്മെന്റ് ശേഷി അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. മികവോടെ കാര്യങ്ങൾ നിർവഹിക്കാൻ കഴിയാത്ത ഒരാൾക്ക് നേട്ടങ്ങൾ ഉണ്ടാകില്ല പണം കൈകാര്യംചെയ്യാൻ കഴിയാത്ത ഒരു വ്യാപാരിക്ക് നല്ല ലാഭം ഉണ്ടാക്കാൻ കഴിയില്ല. ഇങ്ങനെ ഓരോ രംഗത്തും നന്നായി നിർവഹണം ചെയ്ത് മികച്ച നേട്ടം ഉണ്ടാക്കാൻ ചില വഴികൾ:

- എല്ലാം നിങ്ങൾ തന്നെ ചെയ്യണം എന്ന് ചിന്തിക്കരുത്. ചുമതലകൾ പങ്കു വയ്ക്കുക. എല്ലായിടത്തും കൂട്ടായ പരിശ്രമമാണ് ജയിക്കുന്നത്.
- ജോലി സംബന്ധമായ, വ്യക്തമായ വിവരങ്ങൾ നിങ്ങളോടോപ്പം ജോലി ചെയ്യുന്ന എല്ലാവരും അറിഞ്ഞിരിക്കണം. പാതി വിവരങ്ങൾ വച്ച് അവർ നന്നായി അധ്വാനിക്കുമെന്ന് കരുതരുത്.
- ഏത് കാര്യം ആയാലും അത് ചെയ്യുന്നതിന് പലവിധ മാർഗങ്ങൾ പരിശോധിച്ചു നോക്കണം. അതിൽ ഏതാണ് അനുയോജ്യം എന്ന് ആലോചിച്ചു തീരുമാനിക്കണം.
- യുദ്ധത്തിനു പോകുന്ന വൈമാനികർ പോലും എന്തെങ്കിലും ദുരന്തം സംഭവിച്ചാൽ രക്ഷപ്പെടാൻ പാരച്യൂട്ട് കൊണ്ടുപോകും. തോൽവി പിണഞ്ഞാലും അതിൽ നിന്ന് ചേതമില്ലാതെ രക്ഷപ്പെടാൻ ആസൂത്രണം ചെയ്യണം.
- നിങ്ങൾ ഒരു കാര്യം ആസൂത്രണം ചെയ്യുന്നു. നിങ്ങളേക്കാൾ അനുഭവം ഉള്ള ഒരു സുഹൃത്ത് സഹായിക്കാൻ വരികയാണെങ്കിൽ അയാളുടെ ഉപദേശവും കേൾക്കണം.
- അനുഭവങ്ങളേക്കാൾ വലിയ ഗുരു ഉണ്ടാകില്ല. നിങ്ങളുടെയും മറ്റുള്ളവരുടെയും അനുഭവപാഠങ്ങൾ വഴി നിങ്ങൾ മുന്നേറണം.
- ഏത് കാര്യത്തിലിറങ്ങിയാലും അത് ആത്മാർത്ഥതയോടെ പ്രവർത്തിക്കണം. നിങ്ങൾ 100 ശതമാനം അധ്വാനിക്കണം.
- മാനേജ്മെന്റ് എന്നത് നിരന്തരമായ പഠനം മൂലം സ്വായത്തമാകുന്ന കലയാണ്. 'എനിക്ക് എല്ലാം അറിയാം' എന്ന് ചിന്തിച്ചാൽ നിങ്ങൾക്ക് പുതിയ പാഠങ്ങൾ പഠിക്കാൻ കഴിയില്ല.
- പഴയ പാത പിന്തുടരുന്നവർക്ക് പഴയ തീരുമാനങ്ങളേ ലഭിക്കൂ.. പുതുതായി ചിന്തിക്കാതെ, പുതിയ വഴികൾ തേടാതെ, വ്യത്യസ്തമായ ഫലങ്ങൾ ലഭിക്കില്ല.
- ആരോഗ്യകരമായ വിനോദങ്ങൾ, വ്യായാമം, ധ്യാനം പോലെയുള്ള മാനസികാരോഗ്യത്തിന് സഹായകമായ കാര്യങ്ങൾ അവശ്യം. മനസ്സിന്റെ ഭാരം അത് ലഘൂകരിക്കും. അതിനു ശേഷം പുതിയ ഉണർവുകളോടെ ചിന്തിച്ച് ചുറുചുറുക്കോടെ നിങ്ങൾക്ക് പ്രവർത്തിക്കാനാകും. ●

# മികവ് പ്രവർത്തിയാക്കി മാറ്റുക



ഓരോ കാലഘട്ടത്തിലും നമ്മെ മുന്നേറാൻ സഹായിക്കുന്ന മികവുകളുടെ പട്ടിക മാറിക്കൊണ്ടിരിക്കും. ഈ പുതിയ കാലത്ത് നമ്മെ മുന്നേറാൻ സഹായിക്കുന്ന നൈപുണ്യങ്ങൾ ഏതൊക്കെയാണ്?

- ഓരോ ദിവസവും എല്ലാ കാര്യങ്ങളും മാറി മറിയുകയാണ്. നാം പ്രതീക്ഷിക്കാത്ത മുന്നേറ്റങ്ങൾ നിരവധി രംഗങ്ങളിൽ നടക്കുകയാണ്. എങ്കിലും നാം വ്യാപരിക്കുന്ന മേഖലയിൽ ഭാവിയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകുമെന്ന് കണ്ടറിയേണ്ടത് അവശ്യം.
- ഏതു മാറ്റങ്ങൾ ഉണ്ടായാലും അതനുസരിച്ച് മാറാൻ നാം തയാറായിരിക്കണം..കഠിനമായ പരീക്ഷണങ്ങൾ അഭിമുഖീകരിച്ചു മുന്നേറാൻ നമുക്ക് കഴിയണം.
- ഇന്ന് ലോകത്തിൽ സൗജന്യമായി ലഭിക്കുന്ന കാര്യം ഉപദേശങ്ങളും ജ്ഞാന ശകലങ്ങളും ആണ്. നാം ഇഷ്ടപ്പെടുന്നവർ മാത്രമല്ല, നമുക്ക് യാതൊരു താൽപര്യവും ഇല്ലാത്തവർ പോലും ഉപദേശം തരും. വല്ലാത്ത സഹനശേഷി വേണം അവരുടെ ഉപദേശം കേൾക്കാൻ. ഓരോരുത്തർ പറയുന്ന ഉപദേശങ്ങളിൽ നിന്ന് നമുക്ക് വേണ്ടതേതെന്നു തെരഞ്ഞെടുക്കാൻ കഴിയണം.
- ഉപദേശങ്ങളെ വെറും ഉപദേശങ്ങളായി കാണരുത്. അത് പ്രവർത്തിയായി മാറണം. വ്യത്യസ്തമായ ആശയങ്ങൾ പ്രാവർത്തികമാക്കിയത് കൊണ്ടാണ് സ്റ്റീവ് ജോബ്സ്,ബിൽഗേറ്റ്സ്,മാർക്ക്സുക്കർബെർഗ്, മുകേഷ് അംബാനി തുടങ്ങിയവർ ലോകത്തെ പ്രമുഖ ധനികരായി ഇടം പിടിച്ചത്. ഏതു കാര്യവും പ്രാവർത്തികമാക്കാൻ കഴിഞ്ഞവരുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ മുളക്കും.
- അഭിപ്രായ വ്യത്യാസമുള്ള മനുഷ്യരെ സമാധാനിപ്പിക്കുന്നതും നമ്മുടെ ആശയങ്ങളെ എതിർക്കുന്നവരെ സ്വാധീനിക്കുന്നതും ഒരു കലയാണ്. പുഞ്ചിരിയോടെ അതെല്ലാം ചെയ്യാൻ നമുക്ക് കഴിയണം.
- ഓരോ സാഹചര്യത്തിലും മറ്റുള്ളവർ എന്തെല്ലാം ചെയ്യുന്നു എന്നത് ഉൾപ്പടെ പല കാര്യങ്ങൾ പരിഗണിച്ചു അതിനു യോജിച്ച പടി നടപടികൾ സ്വീകരിക്കാൻ പഠിക്കണം.
- വ്യത്യസ്തമായി പ്രവർത്തിക്കണം എന്ന് തീരുമാനിച്ചാൽ ''എല്ലാവരും ചെയ്യുന്നത് ഞാനും ചെയ്യുന്നു'' എന്ന ഒഴുക്കൻ മനോഭാവത്തിൽ നിന്ന് മാറും. . എന്താണ് ചിന്തിക്കേണ്ടതെന്നു സ്വയം പഠിപ്പിക്കരുത്. എങ്ങനെയുള്ള ചിന്തകൾ ആണ് നമുക്ക് വേണ്ടത് എന്ന് സ്കൂളിൽ നമ്മെ ആരും പഠിപ്പിച്ചിട്ടില്ല. ഓരോ ദിവസവും മാറ്റങ്ങൾ ഉണ്ടാകുന്ന ഈ ഡിജിറ്റൽ യുഗത്തിൽ പിടിച്ചു നിൽക്കാൻ നാം മാറ്റങ്ങൾക്കു തയാറാകണം.
- തന്റേതായ കാഴ്ചപ്പാടുകളും സ്വതന്ത്ര മനോഭാവവും ഉള്ള വ്യക്തികളായി നാം മാറണം.അത് എല്ലാ പ്രതിസന്ധികളെയും നേരിടാനുള്ള വൈഭവം നമുക്ക് നൽകും. പ്രശ്നങ്ങളിൽ പെട്ടു പോകുന്നത് തടുത്തു പ്രശ്നങ്ങൾ പരിഹരിക്കുന്ന വൈഭവശാലിയായി നാം മാറും.

## വ്യത്യസ്തത മുഖമുദ്രയാക്കിയ മികവ്

കോളേജിൽ ഗണിതാധ്യാപകൻ താമസിച്ചാണ് എത്തിയത്. ഏതോ ഒരു വിദ്യാർത്ഥി അതിനുള്ളിൽ ചില വിക്രിയകൾ നടത്തി. അധ്യാപകന്റെ കസേര ബോർഡിൽ നിന്ന് ഏറെ മാറ്റി കമിഴ്ത്തിയിട്ടിരുന്നു.

അധ്യാപകൻ അത് കണ്ടു. 'ആരാണ് ചെയ്തത്' എന്ന് ചോദിച്ചാൽ ആരും പറയില്ല. ഒന്നും മിണ്ടാതെ വിദ്യാർത്ഥികളുടെ നേരെ തിരിഞ്ഞ്, 'ഇന്ന് നിങ്ങൾക്ക് ഒരു പരീക്ഷ വയ്ക്കുകയാണ്. ഒരു പേപ്പറിൽ അഞ്ച് മിനിട്ടിൽ ഉത്തരം എഴുതി എനിക്ക് നൽകണം' എന്ന് പറഞ്ഞു. 'മൂന്ന് ചോദ്യങ്ങളേ ഉള്ളൂ... ഒന്നാമത്തെ ചോദ്യം: എന്റെ കസേര സാധാരണ ഇടത്തിൽ നിന്ന് എത്ര മീറ്റർ അകലെയാണ്? ശരിയുത്തരത്തിന് ഒരു മാർക്ക്. രണ്ടാമത്തെ ചോദ്യം: ആ കസേര സ്വാഭാവികമായല്ലാതെ, ഏത് ദിശയിലാണ്? ശരിയുത്തരത്തിന് ഒരു മാർക്ക്. മൂന്നാമത്തെ ചോദ്യം: ഇത് ചെയ്ത വിദ്യാർത്ഥിയുടെ പേര് എന്താണ്? ശരിയുത്തരത്തിന് 98 മാർക്ക്. എല്ലാവരും എഴുതൂ. ഈ മാസത്തെ ക്ലാസ് ടെസ്റ്റ് ആണ് ഇത്' എന്ന് പറഞ്ഞു അദ്ദേഹം.

അവസാനം എന്തായി? വിക്രിയ കാട്ടിയവനെ എല്ലാവരും കാട്ടിക്കൊടുത്തു.





## മികവ് വർധിപ്പിക്കാൻ ഒരു തീരുമാനം

പ്രൊഫസറുടെ അടുത്ത് വലിയ ആശയക്കുഴപ്പത്തോടെ ഒരു വിദ്യാർത്ഥി വന്നു. 'എന്തു പറ്റി?' പ്രൊഫസർ ചോദിച്ചു. 'എനിക്ക് വലിയ ആശയക്കുഴപ്പമാണ്. കോളേജിലെ കാമ്പസ് ഇന്റർവ്യൂവിൽ അഞ്ച് കമ്പനികൾ എന്നെ തെരഞ്ഞെടുത്തു. എല്ലാവരും നല്ല ശമ്പളവും വാഗ്ദാനം ചെയ്തു. എന്തു ചെയ്യണം എന്ന് അറിയില്ല' വിദ്യാർത്ഥി പറഞ്ഞു. 'നിനക്ക് ഏതു കമ്പനിയാണ് ഇഷ്ടം?' പ്രൊഫസർ ചോദിച്ചു. 'എല്ലാം നല്ലതാണ്' അവൻ പറഞ്ഞു. 'ഏതു ജോലിയാണ് ഇഷ്ടം?' 'എല്ലാം നല്ലതാണ്' അവൻ പറഞ്ഞു.

പ്രൊഫസർ ശാന്തനായി അവനെ ഒരു വെള്ളം വച്ചിരിക്കുന്ന വീപ്പയുടെ അടുത്തേക്ക് നയിച്ചു. ഉടനെ അയാൾ കരയാൻ തുടങ്ങി. 'എന്തു പറ്റി സർ?' അവൻ അമ്പരപ്പോടെ ചോദിച്ചു. 'എനിക്ക് നല്ല ദാഹം. വീപ്പയിൽ നിറച്ചു വെള്ളമാണ്. ഈ മഴുവൻ വെള്ളവും ഞാൻ എങ്ങനെ കുടിക്കും?' അയാൾ ചോദിച്ചു. 'ഒരു ഗ്ലാസ് വെള്ളം കുടിച്ചാൽ താങ്കളുടെ ദാഹം തീരുമല്ലോ. പിന്നെ എന്തിന് വീപ്പയിലെ മുഴുവൻ



## പൂർണമായി അറിയണം

ഒരു നിഘണ്ടു വാങ്ങി മാസങ്ങളോളം അത് പഠിച്ചതു കൊണ്ടു മാത്രം ഒരാൾക്ക് ഭാഷ പഠിക്കാനാകില്ല. നിരന്തരമായി പാട്ടു കേട്ടതു കൊണ്ട് ഒരാളും ഗായകനാകില്ല. ടി വിയിൽ നൃത്തം കണ്ട് നർത്തകൻ ആകാനാകില്ല. ഇത് പോലെ ഓരോന്നും പഠിക്കുന്നതിന് സിദ്ധിയും അർപ്പണബോധവും സാധനയും വേണം. മികച്ച ഒരു ഗുരുവിന്റെ ശിക്ഷണവും അവശ്യം. നീണ്ട കാലത്തെ പരിശീലനം മൂലം മികവ് ആർജിക്കാം.

ഒരു യന്ത്രം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അറിഞ്ഞവർക്കു മാത്രമേ അതിന്റെ കേടുപാടുകൾ തീർത്ത് വീണ്ടും പ്രവർത്തിപ്പിക്കാൻ കഴിയൂ. അതേ പോലെ ഒരു തൊഴിൽ, ജോലി, വ്യാപാരം അല്ലെങ്കിൽ കല എന്നിവയിൽ തന്റെ മനസ്സ് പൂർണമായി സമർപ്പിച്ച് പഠിക്കുന്നവർക്കേ അതിലെ മികവുറ്റവരാകാൻ കഴിയൂ.

വെള്ളവും കുടിക്കണം' എന്ന് ചോദിച്ചു.

'ഇത് നിനക്ക് മനസ്സിലാക്കിത്തരാനാണ് ഞാൻ ശ്രമിച്ചത്. അഞ്ചു ജോലി കിട്ടിയാലും നിനക്ക് അഞ്ചു ജോലിക്കും പോകാൻ പറ്റില്ല. നിന്റെ മിടുക്കിന് അനുയോജ്യമായ ജോലി ഏതെന്ന് നോക്കുക. ഏതിലാണ് നിന്റെ നൈപുണ്യം വർധിപ്പിക്കാൻ കഴിയുന്നത് എന്ന് നോക്കുക അതിലൊന്ന് തെരഞ്ഞെടുക്കുക. എല്ലാം വേണമെന്ന് വെറുതെ ആഗ്രഹിക്കരുത്,' അദ്ദേഹം പറഞ്ഞു. ഇപ്പോൾ അവന് കാര്യം മനസ്സിലായി.

## പരിശീലനത്തിലൂടെ പ്രാവീണ്യം

ഇന്ത്യൻ ഹോക്കിയിലെ ഇതിഹാസമായിരുന്നു മേജർ ധ്യാൻ ചന്ദ്. ഇന്ത്യക്ക് ഒളിമ്പിക് മെഡൽ നേടിത്തന്ന ഹോക്കിയിലെ മാന്ത്രികൻ. അദ്ദേഹത്തിന്റെ ഹോക്കി സ്റ്റിക്കിൽ പന്ത് ഒട്ടിയിരിക്കുകയാണോ എന്ന് സംശയിക്കും വിധം കണിശതയോടെ ഗോൾ നേടും. അദ്ദേഹത്തിന്റെ ഹോക്കി സ്റ്റിക്ക് പലരും സംശയിച്ചു വാങ്ങി പരിശോധിച്ചിട്ടുണ്ട്. ആ മാന്ത്രികതക്ക് പിന്നിൽ അദ്ദേഹത്തിന്റെ നിരന്തരമായ തപസ്യയാണ്.

ക്രിക്കറ്റിൽ ദൈവ സമാനനായി കരുതപ്പെടുന്ന താരമാണ് ഡോൺ ബ്രാഡ്മാൻ. തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ സെഞ്ചുറി നേടിയ താരം. നീണ്ട സമയം അദ്ദേഹം നടത്തിയ പരിശീലനത്തിന്റെ മികവായിരുന്നു ആ പ്രകടനം.

ഒരു ഡോക്ടറുടെ പക്കൽ ശസ്ത്രക്രിയക്ക് പോകുന്നതിനു മുമ്പ്, ആ വ്യക്തിയുടെ അനുഭവപരിചയം അളവുകോലായി നോക്കും. തുടർച്ചയായി ശസ്ത്രക്രിയ ചെയ്ത് അനുഭവപരിചയം നേടിയ ഒരു ഡോക്ടർ, സങ്കീർണമായ ഒരു ശസ്ത്രക്രിയ പോലും മികവോടെ ചെയ്ത് രോഗിയെ രക്ഷപ്പെടുത്തും.

നിരവധി തവണ വിമാനം പറത്തി മികവ് തെളിയിച്ച ശേഷമാണ് ഒരു പൈലറ്റിന് യാത്രാ വിമാനം പറത്താൻ ലൈസൻസ് ലഭിക്കുന്നത്. കാരണം എത്രയോ യാത്രക്കാരെ ഭദ്രമായി വീട്ടിൽ എത്തിക്കാനുള്ള ചുമതലയാണ് അയാളിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത്.

നിരന്തരമായ പരിശീലനം വ്യക്തികളെ മികവുറ്റവർ ആക്കി മാറ്റുന്നു. ഒരാൾക്ക് എത്ര മികവുണ്ടെങ്കിലും നിരന്തരമായ പരിശീലനമാണ് ആ മികവിന്റെ രഹസ്യം എന്നത് മറക്കരുത്.



ടാറ്റ സ്ഥാപനങ്ങളിൽ പെട്ട ഒന്നാണ് ടെൽകോ.ലോറികൾ പോലെ വലിയ വാഹനങ്ങൾ നിർമ്മിക്കുന്ന കമ്പനിയാണ് അത്. ഈ സ്ഥാപനത്തിന്റെ മേധാവിയാണ് സുമന്ത് മൂൽഗാവ്കർ. ഓരോ ദിവസവും ഉച്ച ഭക്ഷണ വേളയിൽ ഉയർന്ന അധികാരികൾ ഒരുമിച്ച് ആഹാരം കഴിക്കും. മൂൽഗാവ്കർ ആ ഇടവേളയിൽ പുറത്തു പോകും രണ്ടു മണിക്കൂർ കഴിഞ്ഞേ മടങ്ങിയെത്തൂ. 'പുറത്ത് ആഹാരം കഴിച്ചു' എന്നദ്ദേഹം പറയും.

മറ്റ് അധികാരികൾക്ക് സംശയമായി. സ്ഥാപനത്തിലെ ഡീലർമാർ, കോൺട്രാക്ടർമാർ തുടങ്ങിയവരുമായി അദ്ദേഹത്തിന് രഹസ്യബന്ധം ഉണ്ടെന്ന് ചിലർ കരുതി. പഞ്ചനക്ഷത്ര ഹോട്ടലിൽ കൊണ്ടുപോയി ആഹാരം വാങ്ങിക്കൊടുത്ത് പലരും തങ്ങളുടെ കാര്യം സാധിക്കുന്നു എന്നും. ഇത് ഒരു കിംവദന്തിയായി മാറി. ഒരു ദിവസം കൈയോടെ പിടികൂടാൻ ഒരു കാറിൽ അവർ അദ്ദേഹത്തിന്റെ കാറിനെ പിന്തുടർന്നു.

അത്ഭുതപ്പെടുത്തുന്ന ഒരു സംഭവമാണ് അവർ കണ്ടത്. സുമന്ത് മൂൽഗാവ്കറിന്റെ കാർ ഒരു പഞ്ചനക്ഷത്ര ഹോട്ടലിലും പോയില്ല. പകരം ഹൈവേയിൽ ഉള്ള ഒരു സാധാരണ ഭക്ഷണ ശാലയിലേക്കാണ് അദ്ദേഹം പോയത്.ലോറി ഡ്രൈവർമാർ തങ്ങളുടെ വണ്ടി നിർത്തി ഭക്ഷണം കഴിക്കുന്ന ഇടമാണ് അത്. സാധാരണ ഭക്ഷണം വാങ്ങി സാധാരണ ടേബിളിൽ ഇരുന്ന് ഭക്ഷണം കഴിച്ച് ഡ്രൈവർമാരുമായി അദ്ദേഹം സംസാരിച്ചു കൊണ്ടിരിക്കും. ടാറ്റയുടെ വണ്ടി ഓടിക്കുന്നവരുടെ അനുഭവങ്ങൾ ഇങ്ങനെ നേരിട്ടു കേട്ട് അവരുടെ പ്രശ്ങ്ങൾ അറിയാനാണ് അദ്ദേഹം അവിടെ ചെന്നിരിക്കുന്നത്. ഇപ്പോഴാണ് ഇത് മറ്റ് അധികാരികൾക്ക് മനസ്സിലായത്. ഡ്രൈവർമാർക്കൊപ്പം അവരിൽ ഒരാളായി സംസാരിക്കുമ്പോൾ അവരും എല്ലാം തുറന്നു പറയും. അതു കേട്ട് തങ്ങളുടെ ലോറികൾ പിന്നെയും മെച്ചപ്പെടുത്താൻ കഴിയും. ഒരു വസ്തുവിന്റെ മേന്മ മെച്ചപ്പെടുത്താൻ ഉപഭോക്താക്കളുടെ അഭിപ്രായം പ്രധാനമാണ്.അതാണ് നേരിട്ട് ഉപഭോക്താക്കളുമായി സംസാരിച്ച മൂൽഗാവ്കർ ചെയ്തത്.

ടാറ്റ മോട്ടോഴ്സ് പുറത്തിറക്കിയ കാറുകളിൽ ഒന്നാണ് സുമോ. ജപ്പാനിലെ സുമോ പോരാളികളുടെ വീര്യവും വലിപ്പവും സൂചിപ്പിക്കാൻ ആണ് കാറിന് ഈ പേര് നൽകിയതെന്നാണ് പലരുടെയും വിചാരം. അത് ശരിയല്ല. സുമന്ത് മൂൽഗാവ്കർ എന്ന മേധാവിക്ക് ആദരസൂചകമായാണ് ആ പേരിലെ ആദ്യ അക്ഷരങ്ങൾ വച്ച് സുമോ എന്ന പേരിട്ടത്.

ഒരു ജോലി, വ്യവസായം അല്ലെങ്കിൽ ബിസിനസിനെ വിജയകരമായി മുന്നോട്ടു കൊണ്ടു പോകാൻ

# പുതിയ നൈപുണ്യങ്ങൾ എങ്ങനെ നേടാം?



പുതിയ പ്രാവീണ്യം എപ്പോഴും അവശ്യമാണ്. സുമന്ത് മൂൽഗാവ്കറിനെ പോലെ അത്തരം കഴിവുകൾ ഉണ്ടാകാൻ നിങ്ങൾ എന്ത് ചെയ്യണം.

ജോലിയിലോ വ്യവസായത്തിലോ എന്താണ് നിങ്ങളുടെ ലക്ഷ്യം എന്ന് പ്ലാൻ ചെയ്യുക.അത് എപ്പോൾ പൂർത്തിയാക്കണം എന്നും നിശ്ചയിക്കുക. അപ്പോൾ അത് കൈവരിക്കാൻ ഏതെല്ലാം നൈപുണ്യങ്ങൾ ആവശ്യമാണ് എന്ന് നിങ്ങൾക്ക് മനസ്സിലാകൂ. ഉദാഹരണത്തിന് ഒരു ക്ലാർക്ക് ആയി ജോലിയിൽ ചേരുന്ന ആൾ അഞ്ചു വർഷത്തിനുള്ളിൽ മാനേജർ ആകാൻ ആഗ്രഹിക്കുന്നു എങ്കിൽ അതിന് ഓഫീസ് സംബന്ധമായ എല്ലാ കാര്യങ്ങളും അന്നായി പഠിച്ച് പ്രാവീണ്യം നേടണം. ചെറിയ ഒരു കട വച്ചിരിക്കുന്ന ഒരാൾ എട്ടു പത്തു വർഷങ്ങൾക്കുള്ളിൽ മൂന്ന് ശാഖകൾ തുറക്കാൻ ആഗ്രഹിച്ചാൽ തന്റെ കടയുടെ പേര് എങ്ങനെ പ്രചരിപ്പിക്കാനാവും, ഉപഭോക്താക്കൾ അത് ഇഷ്ടപ്പെടാൻ എന്തു ചെയ്യണം എന്ന് ആലോചിക്കണം.

അനുയോജ്യനായ ഒരു മാർഗദർശിയെ കണ്ടെത്തണം. ഒരാൾക്ക് സ്വയം എല്ലാ കാര്യങ്ങളും ചെയ്യാനാവില്ല. തന്റെ മേഖലയിൽ അനുഭവ പരിജ്ഞാനമുള്ള ഒരാളെ മാർഗദർശിയായി കിട്ടിയാൽ ഒരാൾക്ക് വേഗത്തിൽ എല്ലാ കാര്യങ്ങളും അറിയാനാകും. പ്രതിസന്ധി ഘട്ടങ്ങളിൽ അവരുമായി കൂടിയലോചിക്കാൻ കഴിയും.

വിദ്യാഭ്യാസം ഒരാൾക്ക് നൈപുണ്യം നൽകുന്നില്ല എങ്കിലും വിദ്യാഭ്യാസം എല്ലാ കാര്യത്തിനും ഒരു അടിത്തറയായി കരുതപ്പെടുന്നു. എന്ത് ചെയ്താലും അതേപറ്റി പഠിക്കണം. വിദ്യാഭ്യാസത്തിനപ്പുറം വേണ്ട പഠനങ്ങളും പരിശീലനങ്ങളും നടത്തണം. ഓൺലൈൻ പഠനം വന്നതിനെ തുടർന്ന് നിറയെ വാതിലുകൾ നിങ്ങളുടെ മുന്നിൽ തുറന്നിരിക്കുന്നുണ്ട്. ഉദാഹരണത്തിന് അക്കൗണ്ടിംഗ് മേഖലയിൽ പഠിക്കുന്ന ഒരാൾക്ക് അതിൽ ഏറ്റവും വലിയ പ്രഗത്ഭൻ യു എസിൽ ആണെങ്കിലും ഓൺലൈൻ വഴി പഠിക്കാൻ കഴിയും. ഇതു പോലെ പുസ്തകങ്ങളും യുട്യൂബ് വീഡിയോകളും വഴി നിങ്ങളുടെ കഴിവുകൾ വർധിപ്പിക്കാൻ കഴിയും.

ഇന്ന് ഓരോ വ്യവസായമേഖലയിലും വെവ്വേറെ സ്ഥാപനങ്ങൾ ഉയർന്നു വരികയാണ്. ഒരു സ്ഥലത്ത് ഒരേ മേഖലയിൽ വ്യവസായമോ




ബിസിനസോ ചെയ്യുന്നവർ പരസ്പരം പ്രതിയോഗികളായി കണ്ടിരുന്ന കാലം പോയി. ഒരു സംഘം പോലെ ഒന്നു ചേർന്ന് പ്രവർത്തിക്കുന്നത് ആണ് ഇപ്പോൾ കണ്ടു വരുന്നത്. അവർ തങ്ങളുടെ അനുഭവങ്ങളും പ്രശ്നങ്ങളും പരസ്പരം കൈമാറുന്ന സംസ്കാരം ഇപ്പോൾ കാണാം. അങ്ങനെയുള്ള സ്ഥാപനങ്ങളുമായി ചേർന്ന് മുഖ്യ മേധാവികളിൽ നിന്ന് അനുഭവ പാഠം നേടാൻ കഴിയും. ഇതു പോലെ ദേശീയമായും സാർവദേശീയമായുമുള്ള സ്ഥാപനങ്ങളിൽ നിന്ന് പല പാഠങ്ങളും പഠിക്കാൻ കഴിയും.

ഒരു ജോലിയോ വ്യവസായമോ തന്റെ ലക്ഷ്യമായി കരുതുന്ന ഒരാൾക്ക് അത് സവിശേഷമായി ചെയ്യുന്ന ഒരു വ്യക്തിയുടെ അടുത്തു പരിശീലിക്കാം. ആ സ്ഥാപനത്തിൽ പരിശീലകനായോ ജോലിക്കാരനായോ ചേർന്ന് ആ വിദഗ്ധൻ എന്ത് ചെയ്യുന്നു, എങ്ങനെ ചെയ്യുന്നു എന്നത് നേരിട്ടു കണ്ടു പഠിക്കാം.

ഒരു നൈപുണ്യം ആർജിക്കുന്നതിന് ക്ഷമ പ്രധാനമാണ്. അതിനു വേണ്ട നേരം മാറ്റി വച്ച് പരിശീലിക്കേണ്ടത് പ്രധാനമാണ്.ഓരോദിവസവും പരിശീലനം തുടരണം. ഉദാഹരണത്തിന് ഒരു പുതിയ ഭാഷ പഠിക്കുന്ന ഒരാൾ ദിവസവും കുറച്ചു നേരമെങ്കിലും അത് സംസാരിക്കണം.കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങോ എ ഐ സാങ്കേതിക ശാസ്ത്രമോ പഠിക്കുന്നവർ അത് ദിവസവും പ്രയോഗിച്ചു നോക്കണം.

ഒരു പുതിയ നൈപുണ്യം ആർജിക്കുമ്പോൾ അതിൽ നാം എത്ര ശോഭിക്കുന്നു എന്ന് മറ്റുള്ളവരുടെഅഭിപ്രായംനാംകണക്കിലെടുക്കണം ആരോഗ്യകരമായ വിമർശനങ്ങളെ ശ്രദ്ധയോടെ പരിഗണിച്ച് അതനുസരിച്ച് നമ്മെ സ്വയം മെച്ചപ്പെടുത്തണം. ●



# വളർച്ചയ്ക്ക് സഹായിക്കുന്ന നൈപുണ്യങ്ങൾ

ഒരു ഗ്രാമത്തിൽ റോഡിന്റെ നിർമ്മാണം നടക്കുകയായിരുന്നു. അതിനായി നിരവധി പേർ പാറകൾ ഉടച്ച് മെറ്റലാക്കി കൊണ്ടു വരികയാണ്. ഒരു വഴിപോക്കൻ അത് ശ്രദ്ധിച്ചു.

ആദ്യം ഇരുന്ന ആളോട് 'എന്ത് ചെയ്യുകയാണ്?' എന്ന് ചോദിച്ചു. അയാൾ ദേഷ്യത്തോടെ, 'കണ്ടാൽ മനസ്സിലാകില്ലേ ?എന്റെ തലയിലെഴുത്ത്.വേറൊരു ജോലിയും കിട്ടാതെ ഞാൻ ഈ വെയിലത്ത് കല്ല് ഉടയ്ക്കുകയാണ്' എന്ന്പറഞ്ഞു. രണ്ടാമത്തെ ആളോടും അയാൾ ഈ ചോദ്യം ആവർത്തിച്ചു. 'എന്റെ കുടുംബത്തിന്റെ പട്ടിണി തീർക്കാനാണ് ഈ കല്ല് ഉടയ്ക്കുന്നത്,' അയാൾ പറഞ്ഞു.

മൂന്നാമത്തെ ആളോട് ചോദിച്ചപ്പോൾ, 'എന്റെ നാട്ടുകാർക്ക് നല്ലൊരു റോഡ് നിർമ്മിക്കുകയാണ്. അതിന് മേന്മയുള്ള മെറ്റൽ ഉണ്ടാക്കുകയാണ്,' അയാൾ പറഞ്ഞു.

ഈ ഉത്തരങ്ങൾ നമുക്ക് ഒരു പാഠം ചൊല്ലിത്തരുന്നു.എല്ലാവരും ചെയ്യുന്നത് ഒരേ ജോലിയാണ്! എന്നാൽ അത് ഓരോരുത്തരും കാണുന്ന വിധം വ്യത്യസ്തമാണ്. ഒരാൾ വേറെ വഴിയില്ലാതെ അർദ്ധമനസ്സോടെ ജോലിചെയ്യുന്നു. അടുത്തയാൾ കുടുംബത്തിന്റെ പട്ടിണി മാറ്റാൻ ഒരു കടമയായി ചെയ്യുന്നു. മൂന്നാമൻ ആകട്ടെ ആ ജോലിയുടെ ഉന്നതമായ ലക്ഷ്യം അറിഞ്ഞ് താൽപര്യത്തോടെ പ്രവർത്തിക്കുന്നു.



പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇതേ കാഴ്ചപ്പാട് വേണം. ജോലി, വ്യവസായം, വ്യാപാരം എന്നിവ ചെയ്യുന്ന ഓരോരുത്തർക്കും ഈ കണ്ണ് വേണം. നാം ചെയ്യുന്ന ഓരോ ജോലിയും മറ്റുള്ളവർക്ക് എന്ത് ഫലമാണ് നൽകുന്നതെന്ന കാഴ്ചപ്പാടു വേണം. നാം എന്തിന് ഇത് ചെയ്യുന്നു എന്ന ചിന്തയും അതിന്റെ ഫലത്തെ പറ്റിയുള്ള ധാരണയും എല്ലാവർക്കും വേണം.അതിന് നാം സവിശേഷമായ കാര്യങ്ങൾ പഠിക്കണം. അതിന് സഹായിക്കുന്ന ചില നൈപുണ്യങ്ങൾ :

- സത്യസന്ധമായും നീതിപൂർവകമായും നിങ്ങൾ ചെയ്യുന്ന ഓരോ പ്രവർത്തിയും നിങ്ങളുടെ നൈപുണ്യത്തിന് അടിത്തറയാണ്. പറയുന്നത് ഒന്നും പ്രവർത്തിക്കുന്നത് മറ്റൊന്നും ആകരുത്. നമ്മുടെ വ്യക്തിജീവിതത്തിലും ചെയ്യുന്ന ജോലിയിലും അത് പ്രതിഫലിക്കണം. ഏതു സാഹചര്യത്തിലും ഇത് മാറരുത്. നീതിപൂർവമായ രീതിയിൽ പ്രവർത്തിക്കുന്നത് ഒരു വെല്ലുവിളിയായിരിക്കും. ഇങ്ങനെ ഉള്ള ഒരാളെ എല്ലാവരും വിശ്വസിക്കും; ബഹുമാനിക്കും. .
- സാഹചര്യത്തിന് അനുസൃതമായി മാറാൻ നിങ്ങൾക്ക് കഴിയണം. ചെയ്യുന്ന ജോലിയുടെ സ്വഭാവം മാറാം, സ്ഥാപനത്തിൽ തല കീഴായി മാറ്റങ്ങൾ വരാം, നമ്മൾ ചെയ്യുന്ന ജോലിയിൽ ഇന്നത്തേക്ക് യോജിച്ച വിധത്തിൽ മാറ്റങ്ങൾ വരുത്തേണ്ടി വരാം.പുതിയകാല മാറ്റങ്ങൾക്ക് അനുസൃതമായി മാറാനും പുതിയ വെല്ലുവിളികളെ ഏറ്റെടുക്കുന്നവരെയും മറ്റുള്ളവർ ഇഷ്ടപ്പെടും.
- എല്ലാവരോടും മാന്യമായി പെരുമാറുന്നത് നമുക്കും നമ്മുടെ സ്ഥാപനത്തിനും ഗുണകരമാകും. സഹപ്രവർത്തകർ മുതൽ മേലധികാരികൾ വരെ എല്ലാവരോടും നന്നായി പെരുമാറുന്ന സംസ്കാരം നിങ്ങൾക്ക് എല്ലാവരുടെയും ആദരത്തിന വഴിയൊരുക്കും.
- കാര്യങ്ങൾ അറിയാനും അറിയിക്കാനുമുള്ള ശേഷി വേണം. നാം ഉദ്ദേശിക്കുന്ന കാര്യം കുറഞ്ഞ വാക്കുകളിൽ വ്യക്തമായി പറയുന്നത് ഇന്ന് പ്രധാനമാണ്. കാരണം ഇന്ന് എല്ലാവരും വലിയ തിരക്കിലാണ്.ശരിയായ വികാരത്തോടെ വ്യക്തമായി വിവരിക്കുന്ന ഒരു കാര്യം മറ്റുള്ളവർ ശ്രദ്ധിക്കും. കണ്ണിൽ നോക്കി ആത്മവിശ്വാസത്തോടെ പറയുകയാണെങ്കിൽ അതിന്റെറ വില വേറൊന്നാണ്.
- കുടുംബം, സുഹൃത്തുക്കൾ, അയൽക്കാർ, സഹപ്രവർത്തകർ തുടങ്ങി എല്ലാവരുമായി നല്ല ബന്ധം പുലർത്തുന്നത് ഒരു കഴിവാണ്. ഓരോരുത്തരുടെയും ബലവും ബലഹീനതയും മനസ്സിലാക്കി അവരുടെ ആസ്വാദനങ്ങൾ മനസ്സിലാക്കി പെരുമാറുന്നത് ആ ബന്ധം കൂടുതൽ ശക്തമാക്കും.
- ജോലി ചെയ്യുന്ന സ്ഥലത്ത് നമ്മുടെ ജോലി പ്ലാൻ ചെയ്ത് ചെയ്യാനുള്ള കഴിവ് വേണം. ഏതിനാണ് പ്രഥമ പരിഗണന നൽകേണ്ടത്, ഓരോന്നും എപ്പോൾ പൂർത്തിയാക്കണം, ഓരോന്നും ആർക്കെല്ലാം വിഭജിച്ച് നൽകാം എന്നെല്ലമറിയുന്ന വ്യക്തിക്ക് മികവോടെ തന്റെ ജോലിചെയ്യാൻകഴിയും.സമയംപാലിക്കുകയും ഒന്നുംമാറ്റിവയ്ക്കാതെചെയ്യുകയുംമറ്റുള്ളവരെ ആദരവോടെ നോക്കുകയും ചെയ്യുന്ന ഒരാളുടെ സ്ഥാപനത്തിനും നല്ല വളർച്ച ഉണ്ടാക്കും.
- തന്റെ ശക്തിയും ബലഹീനതയും അറിഞ്ഞ് അതനുസരിച്ച് തന്റെ പ്രവർത്തികൾ ചെയ്യുന്ന ഒരാൾ ആത്മവിശ്വാസത്തോടെയും വ്യക്തമായും തന്റെ ജോലികൾ ചെയ്യും. വെല്ലുവിളികളെ ഉറച്ച മനസ്സോടെ നേരിടും.അവർ ഏതു പ്രതിസന്ധിയിലും ശരിയായ തീരുമാനം എടുക്കും.
- ആത്മവിശ്വാസം, ധൈര്യം, ആർജവം, നവീനമായ മാർഗങ്ങൾ തേടുന്ന മനസ്സ് എന്നിവ ഉള്ളവർ സാധാരണ ജോലിയിലിരുന്നാലും മേധാവിയെ പോലെ വാഴും. മറ്റുള്ളവരെയും പ്രോത്സാഹിപ്പിച്ച് ജോലി ചെയ്യിപ്പിക്കാൻ അവർക്ക് കഴിയും.അവരുടെ പ്രവർത്തിയിലും മനോഹാരിത ഉണ്ടാകും. ●

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

# വെണ്മ

| പുതിയ കാഴ്ചകൾ |

വോള്യം 8 ലക്കം 12
ഓഗസ്റ്റ് 2026

ഓണററി എഡിറ്റർ
**കെ ആർ നാഗരാജൻ**

പത്രാധിപർ
**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ
**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ (പ്രൈ) ലിമിറ്റഡ്,
നം. 188, ഗ്രൗണ്ട് ഫ്ലോർ,
14-ആമത് ക്രോസ് സ്ട്രീറ്റ് ജങ്ഷൻ,
ഡിഫെൻസ് കോളനി,
ഈക്കാട്ടുതാങ്കൽ,
ചെന്നൈ - 600 032
മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by
K.R. NAGARAJAN,
Published from10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net


# സിദ്ധി തിരിച്ചറിയണം


ഒരു അക്കത്തിലോ അക്ഷരത്തിലോ പേരിലോ എന്തിരിക്കുന്നു എന്ന് പറഞ്ഞ് ചില കാര്യങ്ങളെ നാം നിസ്സാരമാക്കാറുണ്ട്. എന്തിന്, നമ്പർ തിയറിയിൽ നിർണായക സംഭാവന ചെയ്തിട്ടുള്ള ജി എച്ച് ഹാർഡി തന്നെ തന്റെ ഗവേഷണം എന്തിനായിരുന്നു എന്ന് സംശയിച്ചിട്ടുണ്ട്. അദ്ദേഹവുമായി ചേർന്ന് ആ ഗവേഷണത്തിന് പിന്തുണ നൽകിയ, അധിക വിദ്യാഭാസം ഒന്നും ഇല്ലാതിരുന്ന ശ്രീനിവാസ രാമനുജവും റൈറ്റും ആണ് കമ്പ്യൂട്ടർ വിപ്ലവത്തിന് ആക്കം നൽകിയാതെന്നത് പിൽക്കാല കൗതുകം. വലിയ അക്കങ്ങൾ പോലും രാമാനുജത്തിന്റെ കണ്ണിൽ കളിപ്പാട്ടംപോലെയായിരുന്നു. ഇതു പോലെ ഭിന്ന ശേഷിയുള്ള വ്യക്തികൾ പോലും സവിശേഷമായ കഴിവുകൾ ഉള്ളവരായി കാണപ്പെടാറുണ്ട്. എന്തെങ്കിലും മികവ് ഇല്ലാത്ത ആരുമില്ല എന്നതാണ് സത്യം.

സ്വതസിദ്ധമായ കഴിവുകളെയും നൈപുണ്യങ്ങളെയും ഊട്ടി വളർത്തുന്നതാണ് മികവ്. നീണ്ട സാധനയിൽ കൂടിയെ നിങ്ങളുടെ സിദ്ധിയെ മികവ് ആക്കി മാറ്റാൻ കഴിയൂ. ലോകം അസാധാരണമായി മാറുന്ന ഇക്കാലത്ത് നമ്മുടെ ചെറിയ നൈപുണ്യം പോലും പ്രസക്തി ഉള്ളതാണ്. മികവ് നേടിയെടുക്കാൻ അനുഭവ സമ്പന്നരുടെ സഹായം തേടണം. വാളുകൾ രാകി മൂർച്ച കൂട്ടുന്ന്ത് പോലെ ഏറ്റവും പുതിയ കാര്യങ്ങൾ പഠിച്ചും പരിശീലിച്ചും നാം മുന്നേറണം.

മികവ് ഇല്ലെങ്കിലും പ്രാവീണ്യം ഇല്ലെങ്കിലും വൈഭവം ഇല്ലെങ്കിലും നമുക്ക് ജീവിക്കാൻ കഴിയും. പക്ഷേ വളരെ സങ്കീർണമായ ഈ ലോകത്തിൽ മുന്നേറാനും നിങ്ങളുടേതായ അടയാളം പതിപ്പിക്കാനും മികവ് അവശ്യമാണ്. അത് നിങ്ങളുടെ മാത്രമല്ല മറ്റുള്ളവരുടെയും ജീവിതത്തെ മാറ്റിമറിക്കും. സമൂഹത്തിനു പുതു ജീവൻ നൽകും. ജീവിതത്തിന് പുതിയ ലക്ഷ്യങ്ങൾ നൽകും. അതു കൊണ്ട് നിങ്ങളുടെ ചെറിയ മികവുകൾ പോലും നിങ്ങൾ അവഗണിക്കരുത് വിജയത്തിലേക്കുള്ള താക്കോൽ ആണ് അത്.


RAMYYAM®
SAREES • KURTIS
From the House of
RAMRAJ©


RAMRAJ ©
SHIRTINGS & SUITINGS
Luxury in
Every Thread.
Elegance in
Every Fold.


LINEN PARK®
SHIRTS | TROUSERS | FABRICS
by RAMRAJ©
PREMIUM
LINEN
CRAFTED FOR THE MODERN VOYAGE


mrithu®
super soft towels
by RAMRAJ®
SOFTNESS
that hugs you back

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

നിങ്ങളുടെ വീട്ടിൽ
വെണ്മ എത്തണ്ടേ?

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

**വെണ്മ**
**രാംരാജ് വി ടവർ.**
**10, ചെങ്കുന്നപുരം, മംഗലം റോഡ്,**
**തിരുപ്പൂർ-641 604**
**email: venmaii@ramrajcotton.net**

**സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.**
**ഫോൺ:**
**0421-4304106, 98422 74137**

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക്**
**ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**



# തീരുമാനമെടുക്കാനുള്ള പ്രാവീണ്യം നേടണം

ഒരു യുവാവ് ഒരു സന്ന്യാസിയെ കാണാനെത്തി. 'സ്വന്തമായി തൊഴിൽ ചെയ്യാൻ ആരംഭിച്ചെങ്കിലും പുരോഗതി ഉണ്ടാകുന്നില്ല' എന്ന് സങ്കടത്തോടെ പറഞ്ഞു. അവനോട് അൽപ നേരം സംസാരിച്ചു സന്ന്യാസി. അവൻ ശരിയായ തീരുമാനങ്ങൾ എടുക്കാൻ കഴിയാത്ത ആശയക്കുഴപ്പത്തിലാണെന്ന് സന്ന്യാസിക്ക് മനസ്സിലായി. അതു കൊണ്ട് അവന് ഉപദേശങ്ങൾ നൽകി അദ്ദേഹം.

'ജോലിയായാലും വ്യാപാരമായാലും വളർച്ച കൈവരിക്കണമെങ്കിൽ, ആദ്യം ഒരാൾ സ്വയം വളരണം. നിന്നെ ആദ്യം നീ മനസ്സിലാക്കണം. ഒരാഴ്ചക്കാലം നീ എന്തൊക്കെയാണ് ചെയ്യുന്നതെന്ന് ശ്രദ്ധിച്ച് എഴുതി വയ്ക്കൂ. ഏതെല്ലാമാണ് നല്ല ശീലങ്ങൾ ഏതെല്ലാമാണ് കെട്ട ശീലങ്ങൾ എന്നതും മനസ്സിലാക്കി എഴുതി വയ്ക്കൂ' എന്ന് ഉപദേശിച്ച് പറഞ്ഞയച്ചു.

അതേ പോലെ അവൻ ഒരാഴ്ച ചെയ്ത ശേഷം സന്ന്യാസിയുടെ അടുത്തെത്തി. നല്ലതും കെട്ടതും എന്ന് താൻ എഴുതിവച്ച പട്ടിക അദ്ദേഹത്തിന് നൽകി. സന്ന്യാസി അത് വാങ്ങി വച്ച ശേഷം, 'നിനക്ക് ചുറ്റുമുള്ളവരുടെ പ്രവർത്തികൾ ഒരാഴ്ച ഇതേ പോലെ ശ്രദ്ധിച്ച് എഴുതി കൊണ്ടു വരൂ' എന്ന് പറഞ്ഞയച്ചു. അവൻ അതും ചെയ്തു.

സന്ന്യാസി രണ്ട് പട്ടികയും താരതമ്യം ചെയ്തു നോക്കി. യുവാവ് ഏതൊക്കെയാണ് മറ്റുള്ളവരുടെ ദുശ്ശീലങ്ങൾ എന്ന് പട്ടികപ്പെടുത്തിയവയെല്ലാം തന്റെ നല്ല ശീലങ്ങൾ എന്ന് കുറിച്ചു വച്ചിട്ടുണ്ടായിരുന്നു. ഈ വ്യത്യാസം അവനെ ചൂണ്ടിക്കാണിച്ചു സന്ന്യാസി. 'നിന്റെ തെറ്റുകൾ നീ തിരുത്തിയാലേ വളർച്ച ഉണ്ടാകൂ' എന്ന് ബോധ്യപ്പെടുത്തി.

നല്ല തീരുമാനങ്ങൾ എടുക്കുന്ന കാര്യത്തിൽ പലരും തെറ്റ് ചെയ്യാറുണ്ട്. ഒരു നിശ്ചിത തീരുമാനം ശരിയാണെന്ന് നാം ചിന്തിച്ചാൽ മാത്രം അത് ശരിയായ തീരുമാനം ആയി മാറില്ല. ജീവിതത്തിൽ തീരുമാനം എടുക്കുമ്പോൾ പലരും എന്തു കൊണ്ടാണ് തെറ്റുകൾ ചെയ്യുന്നത് എന്നത് മനസ്സിലാക്കിയാൽ, ശരിയായ തീരുമാനം

എടുക്കാനുള്ള കഴിവ് നേടാം. ആ തെറ്റുകൾ എന്തൊക്കെയാണ്.

**തെറ്റാണെന്ന് ഉറപ്പാക്കുന്നത്:** പലരും തങ്ങൾ വിശ്വസിക്കുന്നതിനാൽ അതാണ് ശരി എന്ന് ഉറപ്പിച്ച് തീരുമാനം എടുക്കും. തങ്ങളുടെ വിശ്വാസത്തെ മതിക്കുന്ന കാര്യങ്ങൾ മാത്രമാണ് സത്യം എന്ന് ചിന്തിക്കും. ഉദാഹരണത്തിന്, പ്രതിരോധ കുത്തിവയ്പ് ഒരു കുഞ്ഞിനെ പല രോഗങ്ങളിൽ നിന്ന് പ്രതിരോധിക്കും എന്നത് ഡോക്ടർമാർപറയുന്നസത്യം.അതേസമയംതന്നെ പ്രതിരോധ കുത്തിവയ്പിനെതിരെ പ്രചാരണവും നടത്തും ചിലർ. പ്രതിരോധ കുത്തിവയ്പു കൊണ്ടാണ് രോഗങ്ങൾ ഉണ്ടാകുന്നത് എന്ന് അവർ വാദിക്കും. പ്രതിരോധ കുത്തിവയ്പുകളുടെ വിശ്വാസ്യത, അതിനു പിന്നിലുള്ള ശാസ്ത്ര സത്യങ്ങൾ, അവയുടെ സുരക്ഷയെക്കുറിച്ചുള്ള തെളിവുകൾഎന്നിവയെല്ലാംഅവർതള്ളിക്കളയും. സത്യം ഏതാണെന്ന് എപ്പോഴും അന്വേഷിക്കണം. നാം വിശ്വസിക്കുന്ന അഭിപ്രായം സത്യമാണെന്ന് കണ്ണുമടച്ച് വാദിക്കരുത്.


**നിക്ഷേപത്തിൽ വിശ്വസിക്കൽ:** ഒരാൾ ധാരാളം പണവും സമയവും നിക്ഷേപിച്ച് ഏതോ ഒന്ന് ആരംഭിക്കുന്നു. അങ്ങനെ നിക്ഷേപം നടത്തിയതു കൊണ്ടു മാത്രം അത് വിജയിക്കുമെന്ന് വിശ്വസിക്കുന്നത് തെറ്റ്. ധാരാളം ഭക്തർ എത്തുന്ന ആരാധനാലയം ഉള്ള ഒരു ഭാഗത്ത് ഒരാൾ ഹോട്ടൽ ആരംഭിക്കുന്നു.ആരാധനാലയവഴിയിൽആദ്യത്തെ ഹോട്ടലായിരിക്കണം തന്റേത് എന്ന് തീരുമാനിച്ച് സ്ഥലം തെരഞ്ഞെടുത്തു. മറ്റ് ഹോട്ടലുകൾ എല്ലാം അകലെയാണെങ്കിലും, അവിടെയെല്ലാം നല്ല തിരക്കുമുണ്ട്. തന്റെ ഹോട്ടലിൽ അതിനേക്കാൾ തിരക്ക് ഉണ്ടാകും എന്ന് അദ്ദേഹം വിശ്വസിച്ചു. എന്നാൽ, മറ്റ് ഹോട്ടലുകളിൽ ധാരാളം പാർക്കിങ് സൗകര്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഹോട്ടലിൽ ഇരുചക്ര വാഹനം നിർത്താൻ പോലും ഇടം ഇല്ല. അതു കൊണ്ട് തിരക്കും ഇല്ല. അദ്ദേഹം തന്റെ തെറ്റ് മനസ്സിലാക്കാതെ, 'ജനങ്ങൾക്ക് നല്ലത് തിരിച്ചറിയില്ല' എന്ന് കുറ്റപ്പെടുത്തി. ഏത് നിക്ഷേപ തീരുമാനത്തിനു മുമ്പും, എല്ലാ കാര്യങ്ങളും അന്വേഷിച്ച് മനസ്സിലാക്കണം.

**ആദ്യം കേട്ടറിഞ്ഞത് വിശ്വസിക്കുന്നത്:** ഒരു ജോലി ഒരാളോട് പറയുമ്പോൾ, 'മൂന്ന് ദിവസത്തിൽ പൂർത്തിയാക്കാം' എന്ന് പറയും. മൂന്ന് ദിവസം കഴിഞ്ഞ്, 'ഇനിയും രണ്ട് ദിവസം കൂടിയാകും' എന്ന് അയാൾ പറഞ്ഞാൽ ദേഷ്യം വരും. തുടക്കത്തിൽ തന്നെ 'അഞ്ച് ദിവസമാകും' എന്ന് പറഞ്ഞിരുന്നെങ്കിൽ ഇങ്ങനെ ദേഷം തോന്നില്ലായിരുന്നു. സത്യം ഏതാണെന്ന് അന്വേഷിക്കുന്നതിനപ്പുറം, ആദ്യം കേട്ടറിഞ്ഞത് വിശ്വസിക്കരുത്.

**ഓർമ്മയിലുള്ളത് വിശ്വസിക്കുന്നത്:** ഒരു വിമാനാപകടത്തെക്കുറിച്ച്വായിച്ചാൽ,ആവാർത്ത ഏറെക്കാലം ഓർമ്മയിൽ നിൽക്കും. അതോർത്ത് 'വിമാന യാത്ര അപകടകരം' എന്ന് പലരും വിശ്വസിക്കും. എന്നാൽ, റോഡിലും ട്രെയിനിലും അപകടത്തിൽ മരണപ്പെടുന്നവർ അതിലും അധികമാണ്. ഉള്ളതിൽ സുരക്ഷിതമായത് വിമാന യാത്രയാണ്. എന്നിരുന്നാലും, ഓർമ്മയിലുള്ള ഒരു വാർത്ത, അതിൽ അവിശ്വാസം ഉണ്ടാക്കുന്നു. നാം ഒരു കാര്യം ഏതെങ്കിലും വിധത്തിൽ ഓർമ്മയിൽ വച്ചിരിക്കുന്നതു കൊണ്ട് അത് സത്യമാകണമെന്നില്ല.

**നഷ്ടംഓർത്ത്ഭയപ്പെടുന്നത്:**ഒരുവിജയത്തിൽ ലഭിക്കുന്ന ആഹ്ലാദത്തേക്കാൾ, പരാജയത്തിൽ അനുഭവിക്കുന്ന വേദന വളരെ വലുതാണ്. പലരും വിജയകഥകൾ മാത്രമാണ് വായിക്കുന്നത്. ആ വിജയികളെ മാത്രം പിൻപറ്റും. ഒരു വിജയി ചെയ്ത അതേ കാര്യം ചെയ്ത് പരാജയപ്പെട്ടവർ ധാരാളം ഉണ്ട്. വിജയം പലരും ആഘോഷിക്കുന്നതിനാൽ അതിന് വെളിച്ചം ലഭിച്ച് എല്ലാവരും അറിയും. പരാജയം ഇരുളിൽ മറഞ്ഞു പോകും. പരാജയപ്പെട്ടവരുടെ കഥയും വായിക്കണം. അവ വിജയത്തിന് വഴികാട്ടും. ●





# യുവത്വം അനുഭവങ്ങൾ കൊണ്ട് മികവ് നേടണം

വിദ്യാഭ്യാസം പൂർത്തിയാക്കി ജോലിക്ക് പോകുന്ന വയസ്സിൽ ചില ജീവിതകലകൾ പഠിക്കുന്നത് നല്ലതാണ്. ജോലിക്ക് പോയാലും സ്വന്തം തൊഴിൽ ചെയ്താലും ഈ കലകൾ മുന്നേറ്റത്തിന് സഹായിക്കും. ജീവിതം പ്രശ്ന ങ്ങൾ ഇല്ലാതെ ജീവിക്കാനും വഴികാട്ടും. അനുഭവ ങ്ങളിലൂടെ പഠിക്കേണ്ട പാഠങ്ങളാണ് ഇവ:

• നമുക്ക് ചുറ്റുമുള്ള എല്ലാ മനുഷ്യരും സ്വന്തം സ്വപ്നങ്ങളും ചിന്തകളുമായിത്തന്നെയാണ് ജീവിക്കുന്നത്. നിങ്ങളുടെ ജീവിതത്തെക്കുറിച്ച് അവർ ഒരളവിനപ്പുറം കരുതൽ കാണിക്കില്ല. അവരെ പ്രചോദിപ്പിച്ച് നിങ്ങൾക്കു വേണ്ടി ഒരു സഹായം ആവശ്യപ്പെടുന്നതോ നിങ്ങൾക്കു വേണ്ടി ഒരു ജോലി ചെയ്യാൻ അഭ്യർത്ഥിക്കുന്നതോ മിടുക്കാണ്.

• ചില സന്ദർഭങ്ങളിൽ സ്വയം രക്ഷയ്ക്ക് വഴക്കിടേണ്ടി വരും. ആരോടാണ്, എന്തിനാണ് വഴക്കിടുന്നത്, നിങ്ങളുടെ ന്യായം എങ്ങനെ ബോധ്യപ്പെടുത്തണം എന്ന് അറിഞ്ഞ് പ്രവർത്തി ക്കണം. എന്നു കരുതി ആരെയും വെറുക്കരുത്. ആ സന്ദർഭത്തിനോടൊപ്പം ആ വഴക്കും മറക്കണം.

• ചില സ്ഥലങ്ങളിൽ ഒന്നും അറിയാത്തവരെ പ്പോലെ ഇരിക്കണം. ചില സ്ഥലങ്ങളിൽ നിങ്ങൾക്ക് അറിയാവുന്നവ എല്ലാം വെളിപ്പെടുത്തണം. ചില സുഹൃത്തുക്കളോട് മനസ്സ് തുറന്ന് സംസാരിക്കാം, ചില ഇടങ്ങളിൽ രഹസ്യങ്ങൾ പറയരുത്. എവിടെ, എങ്ങനെ പെരുമാറണം... ആരോട് എന്ത് സംസാരിക്കണം എന്നിങ്ങനെയുള്ള 'പെരുമാറ്റകല' മനസ്സിലാക്കണം.

• മറ്റുള്ളവരെക്കുറിച്ച് അറിയുന്നതിനു മുമ്പ് നാം നമ്മെക്കുറിച്ച് അറിയണം. അതിന് ന്യായമായ ആത്മവിമർശനം നടത്തണം. നമ്മുടെ ബലവും ബലഹീനതയും എന്താണ്, എത്തരത്തിലുള്ള മനുഷ്യനായി മാറണം എന്ന് വ്യക്തമായി അറിയുന്നത് നമ്മുടെ ഉന്നതിക്ക് സഹായകമാകും.

•എന്തും ചോദ്യം ചെയ്യുന്നത്, സംശയിക്കുന്നത്, കൂടുതൽ അറിയാൻ ശ്രമിക്കുന്നത് എന്നിവ നമ്മുടെ വളർച്ചയിലേക്കുള്ള ആദ്യ ചുവട് ആണ്. ആര് എന്തു പറഞ്ഞാലും അതിന്റെ ആധാരം തേടണം. അതേക്കുറിച്ച് വിശകലനം ചെയ്യണം. അത് നമുക്ക് ഏത് രീതിയിൽ ഉപയോഗപ്രദം എന്ന് നോക്കണം.

• സംസാരം ഒരു കലയാണ്. ഒരു വിഷയം എങ്ങനെ പറയണം, എപ്പോൾ പറയണം, ആരോട് പറയണം എന്നിവയാണ് സംസാരത്തിന്റെ അടിസ്ഥാന വ്യാകരണം. ആവശ്യമായ സ്ഥലങ്ങളിൽ സംസാരിക്കുന്നത്, നമ്മെക്കുറിച്ച് മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ സഹായിക്കും.

• വിജയം ആഘോഷിക്കാനും പരാജയത്തിൽ ദുഃഖിക്കാനും എല്ലാവരും ശീലിച്ചിരിക്കും. എന്നാൽ, ചില വിജയങ്ങളിൽ പ്രശ്നങ്ങളും മറ ഞ്ഞിരിക്കും. ചില പരാജയങ്ങളിൽ അനുഭവങ്ങളും ലഭിക്കും. വിജയവും പരാജയവും ഒരേ മാനസികഭാവത്തോടെ സമീപിക്കാൻ പഠിക്കണം. അവ നൽകുന്ന പാഠങ്ങൾ മറക്കരുത്. •



# സ്മാർട്ട് പാടവങ്ങൾ നേടണം

ടെക്നോളജി വളർച്ച ഉത്തുംഗം തൊട്ടിരിക്കുന്ന ഇന്നത്തെ കാലഘട്ടത്തിന് അനുസൃതമായി, സ്മാർട്ട് കഴിവുകളും ഉള്ളവർക്കേ ഏത് തൊഴിലിനും അനുയോജ്യരായി മാറാൻ കഴിയൂ. ഏതിലും മുൻനിരയിലെത്താൻ ഇനി പറയുന്ന കഴിവുകൾ വളർത്തണം...

**വ്യത്യസ്തമായി ചിന്തിക്കണം:** ഒരു പ്രശ്നം അല്ലെങ്കിൽ പ്രതിസന്ധി ഉണ്ടാകുമ്പോൾ ആശയക്കുഴപ്പത്തിലാകുന്നതോ നിശ്ശബ്ദരായി കാത്തിരിക്കുന്നതോ ശരിയായ സമീപനം അല്ല. വ്യത്യസ്തമായി ചിന്തിച്ച് പരിഹാരം തേടുന്ന മനുഷ്യരെയാണ് സ്ഥാപനങ്ങൾ ഇഷ്ടപ്പെടുന്നത്. മേഖലയുമായി ബന്ധപ്പെട്ട് പഠിച്ച്, ഓരോ തൊഴിൽ ആസൂത്രണത്തിനും അനുയോജ്യമായി തീരുമാനമെടുക്കാനുള്ള കഴിവ് ഉണ്ടായിരിക്കണം.

**നേതൃഗുണം:** ഒരു സ്ഥാപനത്തിൽ നേതൃസ്ഥാനത്ത് ഉള്ളവർ മാത്രം തീരുമാനമെടുക്കേണ്ട അവസ്ഥ ഇപ്പോൾ മാറിയിരിക്കുന്നു. എല്ലാവരുടെ അഭിപ്രായങ്ങൾക്കും വിലകൽപിക്കുന്നുണ്ട്. ഗ്രൂപ്പായി ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ, ഒന്നായി തീരുമാനം എടുക്കും. അതിനാൽ, മികച്ച തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് നേടണം.

**സഹകരണം:** മറ്റുള്ളവരുമായി സഹകരിച്ച് പ്രവർത്തിക്കാൻ ഇഷ്ടമില്ലാതെ ഒറ്റയ്ക്ക് ഒരു മൂലയ്ക്കിരിക്കുന്നവരെ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കില്ല. എല്ലാവരേയും ഉത്സാഹപ്പെടുത്തി ജോലി ചെയ്യിപ്പിക്കുകയും സ്വയം ഉത്സാഹത്തോടെ അധ്വാനിക്കുകയും ചെയ്യുന്ന മനുഷ്യരാണ് വിലമതിക്കാൻ കഴിയാത്ത സ്വത്തുക്കൾ. ഏത് തരത്തിലുള്ള മനുഷ്യരുമായും സഹകരിച്ച് അധ്വാനിക്കാൻ തയാറായിരിക്കണം.

**പരിധിയിൽ ഉണ്ടായിരിക്കൽ:** ഒരു സുപ്രധാന സന്ദർഭത്തിൽ നിങ്ങളെ അന്വേഷിക്കുമ്പോൾ, ആർക്കും ബന്ധപ്പെടാനുള്ള പരിധിയിൽ ഉണ്ടായിരിക്കണം. പ്രതിസന്ധി ഘട്ടങ്ങളിൽ നിങ്ങളുടെ പക്കൽ എത്തുന്ന ജോലികളെ ഒഴിവാക്കാനുള്ള കാരണം അന്വേഷിക്കരുത്.

**സ്പഷ്ടത വേണം:** മേലധികാരികളോടോ സഹപ്രവർത്തകരോടോ കീഴ്ജീവനക്കാരോടോ വ്യക്തമായ ആശയവിനിമയം അവശ്യം. ലളിതമായ കാര്യങ്ങൾ പോലും സ്പഷ്ടമായി വിശദീകരിക്കണം.

**നവീനത:** പതിവായി ചെയ്യുന്ന ഒരു ജോലി പോലും പുതിയ മാർഗത്തിലൂടെ ചെയ്യുമ്പോൾ, അത് വേഗത്തിൽ ചെയ്തു തീർക്കാം. ഇങ്ങനെ നവീനമായിചെയ്ത്സമയവുംചെലവുംകുറയ്ക്കുന്നവരെയാണ് സ്ഥാപനങ്ങൾ ഇഷ്ടപ്പെടുന്നത്.

**അനുരഞ്ജനം:** ജോലി സമയം കഴിഞ്ഞും ജോലി ചെയ്യേണ്ടി വന്നേക്കാം. ചില സമയങ്ങളിൽ മറ്റുള്ളവരുടെ ജോലിയും പങ്കുവയ്ക്കേണ്ടി വന്നേക്കാം. ഇങ്ങനെ അനുരഞ്ജന മനോഭാവം ഉള്ളവർക്ക് ബഹുമാനവും വളർച്ചയും ഉണ്ടാകും.

**വളർത്തണം:** നിങ്ങൾ ഏത് മേഖലയിൽ എത്തരത്തിലുള്ള ജോലി ചെയ്താലും ആ ജോലിയുമായി ബന്ധപ്പെട്ട് സ്ഥാപനം വളരണം. നിങ്ങൾ ചെയ്യുന്ന ജോലിയിലൂടെ ലാഭം വർധിക്കണം.

**കാലികമായിരിക്കണം:** പഠനത്തിലൂടെയും അനുഭവത്തിലൂടെയും ലഭിക്കുന്ന എല്ലാ വിവരങ്ങളും വിരൽതുമ്പിലുണ്ടായിരിക്കണം. നിങ്ങളുടെ സ്ഥാപനത്തിൽ പല സമയങ്ങളിൽ ഇത് ആവശ്യമായിവരും. 'ഇത്തരം ഒരു ചുറ്റുപാടിൽ ഈ തീരുമാനം മുമ്പ് ഞങ്ങൾ എടുത്തിട്ടുണ്ട്,' അല്ലെങ്കിൽ 'ഇദ്ദേഹംഇങ്ങനെതീരുമാനംഎടുത്തു' എന്ന് പറഞ്ഞ് വഴികാട്ടാൻ ഇത് സഹായിക്കും. •

# വ്യത്യസ്തമായി ചിന്തിക്കാനുള്ള



ലണ്ടൻ നഗരത്തിന്റെ ഒരു ഭാഗത്ത് 1854-ൽ കോളറ പടർന്നു. ഏറെപ്പേർമരണപ്പെട്ടു,ധാരാളംപേർചികിത്സതേടിആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. അക്കാലത്ത് കോളറ രോഗത്തെക്കുറിച്ചുള്ള ശാസ്ത്ര സത്യങ്ങൾ ആർക്കും അറിയില്ല. 'അത് കാറ്റിലൂടെ പകരുന്ന രോഗം' എന്ന് ഡോക്ടർമാർ കരുതിയിരുന്നു.

എന്നാൽ,ജോൺസ്നോഎന്നഡോക്ടർമാത്രംഇത്സംശയിച്ചു. കോളറ ബാധിക്കപ്പെട്ട എല്ലാവരുടേയും കുടുംബങ്ങളുമായി സംസാരിച്ചു. അവ ഉപയോഗിച്ച് അദ്ദേഹം ഒരു ചാർട്ട് തയാറാക്കി. എല്ലാവരുടെ വീടുകളും ഒരു നിശ്ചിത തെരുവിലാണ് ഉള്ളതെന്ന് അദ്ദേഹത്തിന് മനസ്സിലായി. അവർക്ക് എല്ലാവർക്കും പൊതുവായ കാര്യങ്ങൾഎന്തൊക്കെയാണെന്ന്അന്വേഷിച്ച്പട്ടികപ്പെടുത്തി.ഒരു നിശ്ചിത പൊതു പൈപ്പിൽ നിന്നാണ് അവർ വെള്ളം പിടിക്കുന്നത് എന്ന് അങ്ങനെ അറിയാൻ കഴിഞ്ഞു. അതിനടിയിൽ ഉണ്ടായിരുന്ന കിണർ പരിശോധിച്ചപ്പോൾ, മലിനജലം അതിൽ കലരുന്നത് കണ്ടുപിടിച്ചു. ആ കിണർ മൂടി, ശുദ്ധജലം ഉപയോഗിക്കാൻ ആരംഭിച്ച ശേഷം കോളറ വ്യാപനം നിലച്ചു.

കോളറ ജലത്തിലൂടെ പകരുന്ന ഒരു രോഗം എന്ന് ജോൺ സ്നോ ഇങ്ങനെയാണ് കണ്ടുപിടിച്ചത്. അദ്ദേഹത്തിന്റെ ഈ കണ്ടുപിടുത്തത്തിനു ശേഷമാണ്, 'സുരക്ഷിതമായ പൈപ്പുകളിലൂടെയാവണം കുടിനീര് വിതരണം ചെയ്യേണ്ടത്' എന്ന കീഴ്വഴക്കം നടപ്പിലായി. ശുചിത്വം മെച്ചപ്പെട്ടതോടെ, പകർച്ചവ്യാധികൾ അപ്രത്യക്ഷമായി. മരണസംഖ്യയും കുറഞ്ഞു.

മറ്റ് ഡോക്ടർമാരുടെ പക്കൽ ഉണ്ടായിരുന്ന വിവരങ്ങളേക്കാൾ ജോൺ സ്നോയുടെ പക്കൽ കൂടുതലായി ഒന്നും ഉണ്ടായിരുന്നില്ല. മറ്റുള്ളവരേക്കാൾ കൂടുതലായി പഠിച്ചിട്ടുമില്ല. പക്ഷേ, മറ്റുള്ളവർ കാണാത്ത ഒരു വീക്ഷണ കോണിൽ അദ്ദേഹം ഈ പ്രശ്നങ്ങളെ കണ്ടു. മറ്റുള്ളവർ ചിന്തിക്കാത്ത ദിശയിൽ അദ്ദേഹം ചിന്തിച്ച് കാരണങ്ങളും ബന്ധങ്ങളും അന്വേഷിച്ചു.

പൊതുവായി ഏത് മേഖലയിലും നല്ല അനുഭവം കൈവരിക്കുന്നതാണ് മികവ് എന്ന് പറയാറുണ്ട്. പക്ഷേ, ചിലർക്ക് ആ അനുഭവം തന്നെ ശത്രുവായും മാറും. എന്തെന്നാൽ, 'ഇങ്ങനെ ഒരു പ്രശ്നം സംഭവിച്ചാൽ, അതിന് ഇങ്ങനെ പരിഹാരം കാണണം' എന്ന അനുഭവം ഒരാൾക്ക് ഉണ്ടായിരിക്കും. അതിനാൽ, ആ വ്യക്തി അതിനപ്പുറം മറ്റ് പരിഹാരങ്ങളെക്കുറിച്ച് ചിന്തിക്കില്ല. ഇതിനെ ഇംഗ്ലീഷിൽ 'ഹാമർ റൂൾ' എന്ന് വിളിക്കും. ഒരാളുടെ കൈവശം ചുറ്റിക മാത്രമാണ് ഉള്ളതെങ്കിൽ, ആ വ്യക്തിയുടെ കണ്ണുകളിൽ ആണികൾ മാത്രമേ പെടൂ. എല്ലാത്തിനേയും ആ വ്യക്തി ചുറ്റിക കൊണ്ട്അടിക്കാൻനോക്കും.മറ്റൊരുപരിഹാരവുംആവ്യക്തിയുടെ കണ്ണുകളിൽ പെടില്ല.

വ്യത്യസ്തകോണുകളിൽകാണാനുള്ളകഴിവ്നേടണം.അതാണ് എല്ലാത്തിനെയും ശരിയായി സമീപിക്കാൻ സഹായിക്കുന്നത്. ഒരാൾ മോശമായ ഒരു തീരുമാനം എടുക്കുന്നു, മറ്റൊരാൾ നല്ല

# പ്രാവീണ്യം ആർജ്ജിക്കണം



ഒരു തീരുമാനം എടുക്കുന്നു. ഒരാൾ പ്രശ്നം കണ്ട് അന്തംവിട്ട് നിൽക്കുന്നു, മറ്റൊരാൾ പരിഹാരം കാണാൻ മുന്നിട്ടിറങ്ങുന്നു. ഇരുവരെയും വ്യത്യസ്തരാക്കുന്നത് കഠിനാധ്വാനമോ സ്മാർട്ട് അധ്വാനമോ അല്ല. വ്യത്യസ്തമായ ചിന്ത മാത്രമാണ്. ആ കഴിവ് എങ്ങനെ കൈവരിക്കാം?

❖ ഒരു നേട്ടം കൊയ്ത് വിജയിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അത് നിങ്ങൾക്ക് ചെയ്യാൻ കഴിയില്ലെന്ന് ചിലർ പറയുന്നു. നിങ്ങൾക്ക് അത് ചെയ്യാൻ ആഗ്രഹമുണ്ടെങ്കിൽ, ചെയ്യാൻ കഴിയുമെന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ, പരിശ്രമിച്ച് അത് ചെയ്ത് കാണിക്കണം. അതിനേക്കാൾ സന്തോഷം മറ്റൊന്നിലും ഉണ്ടാകില്ല.

❖ നിങ്ങളുടെ ജീവിതത്തെ പൂർണമായി നോക്കണം. കഴിഞ്ഞ കാലം, വർത്തമാന കാലം, ഭാവികാലം എന്നിങ്ങനെ വേർതിരിച്ച് നോക്കരുത്. എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

❖ വരുമാനത്തിനായി മറ്റേതെങ്കിലും ഒരു മേഖലയിലാണ് നിങ്ങൾ ഉള്ളതെങ്കിലും നിങ്ങൾക്ക് ഏറ്റവും ഇഷ്ടമുള്ള ഒരു കാര്യം ദിവസവും അൽപ നേരമെങ്കിലും ചെയ്യണം. അത് നിങ്ങളുടെ മനക്കണ്ണ് തുറന്ന്, വ്യത്യസ്തമായി ചിന്തിക്കാൻ പ്രേരിപ്പിക്കും.

❖ നിങ്ങളെ പ്രധാനപ്പെട്ടവരായി മതിക്കാത്ത ആർക്കും നിങ്ങളുടെ പ്രാധാന്യം ബോധിപ്പിക്കാൻ ആഗ്രഹിക്കരുത്. മനുഷ്യർ, വസ്തുക്കൾ, ചുറ്റുപാട് എന്നിങ്ങനെ എല്ലാത്തിലും മികച്ചത് തെരഞ്ഞെടുത്ത്, അതിൽ നിങ്ങളുടെ അടയാളം രേഖപ്പെടുത്തണം.

❖ നിങ്ങളെപ്പോലെ ഉള്ള മനുഷ്യരോട് മാത്രം ഇടപഴകാതെ, ജീവിതശൈലി, മാനസികനില എന്നിങ്ങനെ എല്ലാത്തിലും നേർവിപരീതമായുള്ളവരോടും മടിക്കാതെ ഇടപഴകണം. അവർ എങ്ങനെയാണ് ഓരോന്നിനെയും സമീപിക്കുന്നത് എന്നത് ശ്രദ്ധിച്ചാൽ നിങ്ങൾക്ക് പുതിയ കാര്യങ്ങൾ ലഭിക്കും.

❖ നിങ്ങളുടെ പ്രശ്നങ്ങൾ മറ്റുള്ളവരോട് പറഞ്ഞ് വിലപിക്കരുത്, ചിലർ അവ ഗൗരവത്തോടെ കാണില്ല, ചിലർ അതെല്ലാം കേട്ട് രസിക്കും. നിങ്ങളുടെ പ്രശ്നങ്ങൾക്ക് നിങ്ങൾ തന്നെ പരിഹാരം തേടണം.

❖ സംസാരിക്കുന്നതിനേക്കാൾ കൂടുതൽ കേൾക്കണം. മറ്റുള്ളവരുടെ ശ്രദ്ധ നേടാൻ ശ്രമിക്കാതെ, എല്ലാം ശ്രദ്ധിക്കാൻ ശീലിക്കണം. വ്യത്യസ്തമായ ചിന്തകൾ ഉറവയെടുക്കും.

❖ ഓരോ നിമിഷവും അനുഭവിച്ച് ജീവിക്കണം. വർഷങ്ങൾക്കപ്പുറം എത്തുന്ന ഭാവിയെക്കുറിച്ച് മനക്കോട്ട കെട്ടാതെ, വർത്തമാന കാലത്തിൽ ജീവിക്കണം. അപ്പോഴേ ഈ നിമിഷം ചെയ്യേണ്ട ജോലികളിൽ നിങ്ങളുടെ നൂറു ശതമാനം ശ്രദ്ധയും ഉണ്ടായിരിക്കുകയുള്ളൂ.

❖ എന്ത് ചെയ്താലും, അതിൽ നിങ്ങളുടെ പൂർണമായ അധ്വാനം നൽകണം. നിങ്ങളുടെ ശക്തിക്ക് എന്ത് ചെയ്യാൻ കഴിയുമോ, അതിനേക്കാൾ കൂടുതലായി പരിശ്രമിക്കണം.




# ജോലി നേടാൻ ആവശ്യമായ പാടവങ്ങൾ

ആപ്പിൾ കമ്പ്യൂട്ടറിന്റെ മേധാവി ആയിരുന്ന സ്റ്റീവ് ജോബ്സ് തന്റെ സ്ഥാപനത്തിലെ രണ്ടാം നിരമേധാവികളോട് ഇടയ്ക്കിടെ പറയുന്ന ഒരു കഥ പ്രശസ്തമാണ്. ഒരു ദിവസം സ്റ്റീവ് ജോബ്സിന്റെ ഓഫീസ് മുറി വൃത്തിയാക്കപ്പെട്ടിട്ടില്ലായിരുന്നു. കുപ്പത്തൊട്ടിയിലും കുപ്പകൾ നിറഞ്ഞിരിക്കുന്നു. ശുചീകരണ തൊഴിലാളിയെ വിളിച്ച് കാരണം അന്വേഷിച്ചു സ്റ്റീവ് ജോബ്സ്. 'രാവിലെ പതിവു പോലെ വന്ന് വാതിൽ തുറന്ന് മുറി വൃത്തിയാക്കാൻ ശ്രമിച്ചു. പക്ഷേ, വാതിലിന്റെ പൂട്ട് മാറ്റിയിരിക്കുന്നതു പോലെ തോന്നി. എന്റെ പക്കൽ പുതിയ താക്കോൽ ഇല്ല. അതു കൊണ്ട് വൃത്തിയാക്കിയില്ല' എന്ന് കാരണം പറഞ്ഞു തൊഴിലാളി.

'പൂട്ട് രാത്രിയിൽ മാറ്റിയത് സത്യമാണ്. ആ ശുചീകരണ തൊഴിലാളി ഉടനേ സെക്യൂരിറ്റിയോട് പറഞ്ഞിരുന്നെങ്കിൽ, പുതിയ താക്കോൽ നൽകി തുറന്നിട്ടുണ്ടായിരുന്നിരിക്കും. സ്വന്തം ജോലി പൂർത്തിയാക്കണം എന്ന ചിന്ത ആ തൊഴിലാളിക്ക് ഇല്ല. ഒരു കാരണം മതിയായിരുന്നു. അതിനാൽ ഒരു ജോലി പൂർത്തിയാക്കാതെ പോകുന്നതിനും ഒരു പ്രവൃത്തി പരാജയപ്പെടുന്നതിനും കാരണങ്ങൾ മാത്രം പറയുന്നവരെ സ്ഥാപനങ്ങൾ ഇഷ്ടപ്പെടാറില്ല' എന്ന് പറഞ്ഞു സ്റ്റീവ് ജോബ്സ്.

ധാരാളം പേർ ജോലി അന്വേഷിക്കുന്നതു പോലെ തന്നെ, തങ്ങൾക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ സ്ഥാപനങ്ങളും മറ്റൊരു ഭാഗത്ത് അന്വേഷിക്കുകയാണ്. ഈ പ്രതീക്ഷകളെല്ലാം ഒത്തുചേരുന്ന നിമിഷം ഒരാൾക്ക് ജോലി ലഭിക്കും. കമ്പ്യൂട്ടർ പ്രോഗ്രാമിങ് അറിഞ്ഞിരിക്കുന്നതും ഇംഗ്ലീഷ് അറിഞ്ഞിരിക്കുന്നതും മാർക്കറ്റിങ് പോലെയുള്ള ഒരു ജോലിക്കുള്ള നിശ്ചിത യോഗ്യതകൾക്കും അപ്പുറം ഒരാളുടെ പക്കൽ എത്തരത്തിലുള്ള പൊതുവായ പാടവങ്ങൾ ഉണ്ടായിരുന്നാൽ ജോലി ലഭിക്കും?

**ആശയവിനിമയ പാടവം:** ഒരു വിഷയം വ്യക്തമായി മനസ്സിലാക്കി മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള പാടവം വേണം. സഹപ്രവർത്തകരോടും ജോലിയുമായി ബന്ധപ്പെട്ട് ശരിയായി ആശയവിനിമയം നടത്താനുള്ള പാടവം വേണം. ദേഷ്യം, ഈർഷ്യ എന്നിങ്ങനെയുള്ള നെഗറ്റീവ് വികാരങ്ങൾ വെളിപ്പെടുത്താതെ സംസാരിക്കേണ്ടത് പ്രധാനം. 'ലോൺ ആവശ്യമുണ്ടോ?' എന്ന് ചോദിച്ച് ഫോണിൽ സംസാരിക്കുന്ന ജീവനക്കാരോട് നാം എത്ര കണ്ട് ഈർഷ്യ കാട്ടിയാലും അവർ ഭവ്യതയോടെ സംസാരിക്കും. അതാണ് ആശയവിനിമയ പാടവം.

**ശ്രദ്ധിക്കാനുള്ള പാടവം:** സംസാരിക്കുന്നതു പോലെ തന്നെ മറ്റുള്ളവർ പറയുന്നതും ക്ഷമയോടെ ശ്രദ്ധിക്കണം. 'നാം പറയുന്നത് ഇദ്ദേഹം കരുതലോടെ ശ്രദ്ധിക്കുന്നുണ്ട്' എന്ന വികാരം, നമ്മോട് സംസാരിക്കുന്നവർക്ക് ഉണ്ടാകണം. പ്രധാനപ്പെട്ട കാര്യങ്ങൾ കുറിച്ചു വയ്ക്കാം. ജോലിയുമായി ബന്ധപ്പെട്ട ഒരാളോട് സംസാരിക്കുമ്പോൾ ഇവയെല്ലാം ചെയ്യുന്നവരെ എല്ലാവരും ഇഷ്ടപ്പെടും.

**ടെക്നോളജി പാടവം:** സാധാരണ ജോലിയിൽ പോലും സാങ്കേതികവിദ്യകൾ നിറഞ്ഞ കാലമാണ് ഇത്. ഓഫീസിൽ എല്ലാവരും കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുമ്പോൾ, 'എനിക്ക് കൈ കൊണ്ട് എഴുതാനേ കഴിയൂ' എന്ന് വാശിപിടിക്കുന്ന ഒരാളെ ഒരു സ്ഥാപനവും പ്രോത്സാഹിപ്പിക്കില്ല. വരുന്ന ഇമെയിലുകൾക്ക് എങ്ങനെ മറുപടി എഴുതണം എന്ന് അറിയാതെ മിഴിച്ചിരിക്കുന്ന ഒരാളെ മറ്റുള്ളവർ ഒപ്പം കൂട്ടില്ല. ഏത് ജോലിയും മറ്റുള്ളവരേക്കാൾ വേഗത്തിൽ പഠിക്കുന്ന മാർഗങ്ങൾ അറിയുന്നവർക്ക് തീർച്ചയായും ജോലി ലഭിക്കും.

**സേവന പാടവം:** ചെയ്യുന്ന ഒരു ജോലിയുമായി ബന്ധപ്പെട്ട് പല വിധത്തിലുള്ള മനുഷ്യരോട് സംസാരിക്കേണ്ടി വരും. സ്ഥാപനത്തിന്റെ ഉപഭോക്താക്കളോട് സംസാരിക്കുമ്പോൾ, അവർ പറയുന്ന പരാതികൾ ശ്രദ്ധയോടെ കേട്ട് പരിഹരിക്കണം. തെറ്റ് ചെയ്യുന്ന ജീവനക്കാരെ ശാസിക്കുമ്പോഴും വാക്കുകൾ ശ്രദ്ധിച്ച് ഉപയോഗപ്പെടുത്തണം. സപ്ലൈയർമാർ, വിതരണക്കാർ എന്നിങ്ങനെ സ്ഥാപനവുമായി ബിസിനസ് ബന്ധം ഉള്ളവരോട് എളിമയോടെയും കനിവോടേയും സംസാരിക്കണം.

**പെരുമാറ്റ പാടവം:** ഇന്നത്തെ ചുറ്റുപാടിൽ ഒറ്റയ്ക്ക് ഒതുങ്ങിയിരിക്കാൻ കഴിയില്ല. ഗ്രൂപ്പായി ചേർന്ന് ജോലി ചെയ്യണം. പല സ്ഥാപനങ്ങളിലും ഇത്തരത്തിലുള്ള ടീം വർക്ക് സംസ്കാരം വന്നു കഴിഞ്ഞു. അങ്ങനെ ഇല്ലാത്ത ഇടങ്ങളിൽ പോലും, മറ്റുള്ളവരുടെസഹായത്തോടെജോലിനോക്കണം. നിങ്ങളുടെസഹായവുംമറ്റൊരാൾക്ക്ആവശ്യമായി വന്നേക്കും. അതിനാൽ, സഹപ്രവർത്തകരുമായി മധുരതരമായി ഇടപഴകാനുള്ള പാടവം ഇല്ലെങ്കിൽ, ഓഫീസ് അന്തരീക്ഷവുമായി ചേർന്നു പോകാൻ കഴിയില്ല.

**ടൈം മാനേജ്മെന്റ് പാടവം:** എല്ലാവരും കൃത്യസമയത്ത് എത്തുന്ന ഒരു ഓഫീസിൽ, എപ്പോഴും വൈകി എത്തുന്ന ഒരാളെ ആരും ഇഷ്ടപ്പെടില്ല. അതേ പോലെ ഏത് ജോലിയും നിശ്ചിത സമയത്തിൽ പൂർത്തിയാക്കാതെ വൈകിപ്പിക്കുന്ന മനുഷ്യരെയും സ്ഥാപനങ്ങൾ ആഗ്രഹിക്കില്ല. ടൈം മാനേജ്മെന്റ് പാടവം ഏറ്റവും പ്രധാനം.

**ഭരണ പാടവം:** ജോലികൾ എങ്ങനെ പൂർത്തിയാക്കണം എന്നത് കൃത്യമായി ആസൂത്രണം ചെയ്യുന്നതും ശരിയായ തീരുമാനങ്ങൾ എടുക്കുന്നതും റിസ്ക് എടുക്കുന്നതും ഏത് ജോലി ആര് മികവോടെ ചെയ്യും എന്ന് അറിഞ്ഞ് അവരെ ആ ഉത്തരവാദിത്തം ഏൽപിക്കുന്നതും മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുന്നതും എല്ലാവർക്കും അവർ അറിഞ്ഞിരിക്കേണ്ട വാർത്തകൾ പങ്കുവയ്ക്കുന്നതുംആവശ്യത്തിന്അനുസൃതമായി കൂടുതൽ നേരം അധ്വാനിക്കുന്നതുമെല്ലാം ഭരണ പാടവമാണ്. ഇവ എത്തരത്തിലുള്ള ജോലിക്കും ആവശ്യമായ പാടവങ്ങളാണ്.

**പരിഹാരം കാണാനുള്ള പാടവം:** ഒരു പ്രശ്നം ഉണ്ടാകുമ്പോൾ 'എന്ത് ചെയ്യണം' എന്ന് തലയിൽ കൈ വച്ചിരിക്കുകയും അരുത്, 'ഇതിന് എന്താണ് പരിഹാരം' എന്ന് മറ്റുള്ളവരോട് കേൾക്കുകയും അരുത്. പ്രശ്നം നേരിടാൻ കഴിയാതെ വെപ്രാളപ്പെടുകയും അരുത്. ക്ഷമയോടെ എല്ലാ കോണുകളിലും അവലോകനം ചെയ്ത് ശരിയായ തീരുമാനങ്ങൾ കൃത്യമായി എടുക്കുന്ന പാടവവും ജോലിക്ക് അവശ്യം. ●

# സമയ വിനിയോഗ പാടവം നേടണം

ഒരു വിദ്യാർത്ഥി എല്ലായ്പോഴും കോളെജിൽ വൈകിയേ എത്തൂ. നല്ല വസ്ത്രം ധരിക്കാറില്ല. പ്രാതൽ പോലും കഴിക്കാൻ സമയമില്ലാതെ വെപ്രാളപ്പെട്ട് വിയർത്തൊലിച്ച് എത്തും. കോളെജിൽ കൊടുക്കുന്ന പ്രോജക്ടുകൾ ശരിയായി പൂർത്തിയാക്കില്ല. എപ്പോഴും പ്രൊഫസർമാരോട് 'സോറി' പറയും.

പക്ഷേ, അവൻ നന്നായി പഠിക്കുന്ന വിദ്യാർത്ഥിയാണ്. എല്ലാവരോടും സൗമ്യതയോടെ പെരുമാറും. അവന്റെ ഈ സവിശേഷതകൾ ക്ലാസ് ടീച്ചർക്ക് ഇഷ്ടവുമാണ്. അദ്ദേഹം അവനെ തനിയെ വിളിച്ച് കാര്യം തിരക്കി. അവൻ, 'എനിക്ക് ഒന്നും ശരിയായിചെയ്യാൻസമയം കിട്ടുന്നില്ല' എന്ന് മറുപടി പറഞ്ഞു. 'നീ നിനക്കുള്ള സമയമെല്ലാം എന്താണ് ചെയ്യുന്നത്?' എന്ന് അധ്യാപകൻ ചോദിച്ചു. അവന് ഉത്തരം പറയാൻ കഴിഞ്ഞില്ല. അവന് ശരിയായി ആസൂത്രണം ചെയ്യാൻ കഴിയുന്നില്ല എന്ന് അധ്യാപകന് മനസ്സിലായി.

അതിനാൽ അവനെ ഉപദേശിച്ചു അദ്ദേഹം. 'നിന്റെ ഒരു ദിവസം ഒരു പച്ചക്കറിത്തട്ടാണെന്ന് സങ്കൽപിക്കൂ. അതിൽ എല്ലാത്തിനും ഇടം നൽകേണ്ടതുണ്ട്. പക്ഷേ ഏതാണ് ആദ്യം വയ്ക്കേണ്ടത്. ഏതാണ് അവസാനം വയ്ക്കേണ്ടത് എന്നതിന് ഒരു രീതി ഉണ്ട്. മുട്ട ആദ്യം വച്ച് അതിനു മുകളിൽ മറ്റ് വസ്തുക്കൾ വച്ചാൽ നഷ്ടം നമുക്കാണ്. മുട്ട മുകളിൽ വച്ചാലേ ഉടയാതിരിക്കൂ. പ്രധാനപ്പെട്ട വിഷയങ്ങൾക്ക് പ്രഥമ സ്ഥാനം നൽകണം. ആദ്യം അവ പൂർത്തിയാക്കണം ' എന്ന് അദ്ദേഹം പറഞ്ഞു.

'മുട്ട ആദ്യം വയ്ക്കരുത്' എന്ന ഈ ഉപദേശം വളരെ പ്രധാനപ്പെട്ടതാണ്. സമയ വിനിയോഗ പാടവം പഠിപ്പിക്കുന്നത്. സമയ വിനിയോഗം അങ്ങേയറ്റം കുഴക്കുന്ന പ്രശ്നമാണ്. പണം നമ്മൾ വെറുതേയിരിക്കുമ്പോൾ ഭദ്രമായി നമ്മുടെ കൈവശം ഇരിക്കും. പക്ഷേ, നമ്മൾ വെറുതേയിരുന്നാലും സമയം ചെലവായിക്കൊണ്ടേയിരിക്കും. അതിനെ വെറുതേ ചെലവാകാൻ വിടാതെ ഉപയോഗപ്രദമായ






രീതിയിൽ ചെലവഴിക്കുന്നതാണ് സമയ വിനിയോഗം. അതിന് എന്താണ് ചെയ്യേണ്ടത്?

• നിങ്ങൾക്ക് ധാരാളം ആശയങ്ങൾ മനസ്സിൽ തോന്നാം. അവയെല്ലാം ഏറ്റവും മികച്ചതാണെന്ന് ചിന്തിച്ച് പ്രാവർത്തികമാക്കാൻ ശ്രമിക്കരുത്. എല്ലാ പാതകളിലുംഒരേസമയംപോകാൻആഗ്രഹിക്കുന്ന ഒരാൾ, എങ്ങും എത്തില്ല. നിങ്ങൾക്ക് ജീവിതത്തിൽ ഏതാണോ പ്രധാനം, അത് നേടാനുള്ള ആശയങ്ങൾ മാത്രം പ്രാവർത്തികമാക്കണം.

• 'സമയമില്ല' എന്ന് ഒരിക്കലും കാരണം പറയരുത്. ആർക്കും സമയം തീർന്നു പോകാറില്ല. 'ചെയ്യാൻഎളുപ്പമുണ്ട്','ഇത്ചെയ്യാൻഇഷ്ടമാണ്' എന്നതു പോലുള്ള കാരണങ്ങൾക്കായി ചിലർ ചില ജോലികൾ ഉടനേ ചെയ്യും. പ്രധാനപ്പെട്ട ജോലികൾ മാറ്റിവയ്ക്കും. അങ്ങനെ ആകാതെ, അവശ്യമായ കാര്യങ്ങൾ മുൻഗണന നൽകണം.

• 'ഇത്സമയംകിട്ടുമ്പോൾനോക്കാം'എന്ന്ഏത് അവശ്യ കാര്യവും മാറ്റിവയ്ക്കരുത്. നമ്മുടെ സമയം നമുക്ക് ചിന്തിക്കാൻ കഴിയാത്ത വിധം ചെലവാകും. 'ഇന്നത്തെ ദിവസം നാം പൂർത്തിയാക്കേണ്ട ജോലികൾ എന്തൊക്കെയാണ്' എന്ന് ദിവസവും പട്ടികപ്പെടുത്തി ജോലികൾ പൂർത്തിയാക്കണം.

• ചില ദിവസങ്ങളിൽ നിങ്ങൾക്ക് ഉത്സാഹത്തോടെ മണിക്കൂറുകളോളം ജോലി ചെയ്യാൻകഴിയും. മനസ്സ് അത്തരത്തിൽ ഉണർന്നിരിക്കുമ്പോൾ ആസൂത്രണം ചെയ്തതിനേക്കാൾ കൂടുതൽ ജോലികൾ പൂർത്തിയാക്കണം.

• ഒരേ സമയം പല ജോലികൾ ഏറ്റെടുത്ത് ചെയ്യരുത്. നമ്മുടെ മനസ്സിന് ഒരു സമയത്ത് ഒറ്റ വിഷയത്തിൽ മാത്രമേ ഏകാഗ്രമായിരിക്കാൻ കഴിയൂ. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് നമ്മുടെ മസ്തിഷ്കത്തിന്റെ ശ്രദ്ധയും മാറാൻ അൽപം സമയം എടുക്കും. ഒന്നും പൂർണമായി ചെയ്യാൻ കഴിയില്ല. മസ്തിഷ്കവും തളരും.

• പ്രധാനപ്പെട്ട കാര്യങ്ങൾ കുറിച്ചു വയ്ക്കണം. ഒരു ജോലി ചെയ്യുമ്പോൾ, മറ്റൊരു ജോലിയുടെ ആശയം മനസ്സിൽ തോന്നാം. ഉടനേ അതിലേക്ക് മാറിയാൽ, രണ്ടും പൂർത്തിയാക്കാൻ കഴിയാതെ പോകാം. മറക്കാതിരിക്കാൻ, കുറിച്ചു വയ്ക്കണം.

• ഒരു ദിവസം എട്ട് അല്ലെങ്കിൽ പത്ത് മണിക്കൂർ ജോലി ചെയ്യാം. എന്നാൽ, പൂർണമായ ഏകാഗ്രതയോടെജോലിചെയ്യുന്നസമയംഅതിന്റെ പകുതിയിലും കുറവായിരിക്കും. ആ സമയത്ത് പ്രധാനപ്പെട്ട ജോലികൾ പൂർത്തിയാക്കണം.

• എല്ലാ ജോലിയും മികവോടെ ചെയ്യുന്നതാണ് കർത്തവ്യം എന്ന് ചിന്തിക്കരുത്. ഇന്ന് പൂർത്തിയാക്കേണ്ടജോലിഒരളവിൽവൃത്തിയോടെ ഇന്നു തന്നെ പൂർത്തിയാക്കുന്നതാണ് നല്ലത്. അത് കൂടുതൽ നന്നായി നാളെ പൂർത്തിയാക്കാം. പക്ഷേ, ആ ജോലി കൊണ്ട് പ്രയോജനം ഉണ്ടാകില്ല. ജോലിയിൽ പ്രയോജനത്തിന് മുൻതൂക്കം നൽകണം.

• ഏറെ നേരം ജോലി ചെയ്യുന്നവരാണ് അധ്വാനികൾ എന്ന് ചിന്തിക്കരുത്. നാല് മണിക്കൂറിൽ തങ്ങളുടെ ജോലി പൂർത്തിയാക്കുന്നവരും ഉണ്ട്. അതേ ജോലി പത്ത് മണിക്കൂർ കൊണ്ട് പൂർത്തിയാക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നവരും ഉണ്ട്. നിങ്ങളുടെ സ്വാഭാവികതയ്ക്ക് അനുയോജ്യമായ വിധം ജോലി ചെയ്യണം.

• പൂർണമായ ശ്രദ്ധ നൽകി ചെയ്യേണ്ട ജോലികൾ,സാധാരണമായിചെയ്യേണ്ടജോലികൾ എന്നിങ്ങനെ രണ്ടായി വിഭജിക്കണം. ആദ്യത്തെ തരത്തിലുള്ള ജോലികൾ ഒരു ദിവസത്തിന്റെ ആരംഭത്തിൽ ചെയ്ത് പൂർത്തിയാക്കണം. ഉച്ചയ്ക്കു ശേഷം ക്ഷീണിച്ചിരിക്കുമ്പോൾ സാധാരണ ജോലികൾ ചെയ്യണം.

• രണ്ട് ജോലികൾ ഉണ്ടെങ്കിൽ അവ രണ്ടും ഒരേ പോലെ പ്രധാനപ്പെട്ടവ ആയിരിക്കില്ല. ഏത് സമയത്ത്, ഏത് ജോലി പ്രധാനം എന്നത് ബോധ്യപ്പെട്ട് ചെയ്യണം.

• എപ്പോൾ വേണമെങ്കിലും ചെയ്യാം എന്ന് ഒരു ജോലിയും മാറ്റിവയ്ക്കരുത്. ഏത് ജോലി ആയിരുന്നാലും, അതിനൊരു കാലയളവ് നിർണയിച്ച്, അതിനുള്ളിൽ പൂർത്തിയാക്കണം. •

# പാടവങ്ങൾ തേടുന്ന മാർഗങ്ങൾ



- വിജയികളായ മനുഷ്യർ ആകണം എന്ന് ചിന്തിക്കരുത്. ബഹുമാന്യരായ മനുഷ്യരായി ശരിയായ പാതയിൽ സഞ്ചരിക്കണം. വിജയം നിങ്ങളെ തേടി വരും.

- പണം വന്ന് കുമിയുന്നത് വിജയത്തിന്റെ അളവുകോൽ അല്ല. നിങ്ങൾ വിജയിച്ചാൽ പണം താനേ വരും. അതേ പോലെ സന്തോഷം എന്നത് വിജയത്തെ തുടർന്ന് വരില്ല. നിങ്ങൾ സന്തോഷമായിരുന്നാൽ വിജയം താനേ വരും.

- സ്വന്തം ലക്ഷ്യത്തിൽ ശ്രദ്ധയൂന്നി, വ്യക്തതയോടെയും ചിട്ടയോടെയും അത് നോക്കി സഞ്ചരിക്കുന്ന ഒരാളുടെ പക്കൽ വിജയം നിരന്തരമായി തങ്ങിയിരിക്കും.

- ഒരാൾ ഏറ്റവും മികച്ച വിജയിയാകണമെങ്കിൽ, ആ വ്യക്തി ജീവിതം മുഴുവനും പഠിച്ചു കൊണ്ടേയിരിക്കണം. ഈ സ്വയം വിദ്യാഭ്യാസം എന്നത് സ്കൂളിലും കോളെജിലും നേടുന്നതിനേക്കാൾ ഉന്നതമായ വിഷയമാണ്.

- നിങ്ങളെ വിജയിയാക്കി മാറ്റുന്നതിൽ നിങ്ങളുടെ മനസ്സും ശരീരവും സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. ഇവ രണ്ടും ആരോഗ്യകരമായി പരിപാലിക്കണം. മനസ്സിനും ശരീരത്തിനും ആവശ്യമായ പോഷകം നൽകണം.

- നിങ്ങൾ പിൻപറ്റുന്ന ശീലങ്ങളാണ് വിജയത്തിന്റെരഹസ്യം.ദുശ്ശീലങ്ങൾമാറ്റുന്നതാണ് വിജയത്തിന്റെ വാതിൽ തുറക്കാനുള്ള താക്കോൽ. നല്ല ശീലങ്ങൾ മതിപ്പുള്ള വിജയം നൽകും.

- വിജയികൾ പലരും തങ്ങൾ ശരിയായ പാതയിലാണോ സഞ്ചരിക്കുന്നത് എന്ന് നിരീക്ഷിച്ചു കൊണ്ടേയിരിക്കും. തങ്ങളെ പൂർണമായി മനസ്സിലാക്കിക്കൊണ്ട് ജോലി ചെയ്യും. തങ്ങൾ എന്തിനു വേണ്ടിയാണ് ഒന്ന് ചെയ്യുന്നതെന്ന വ്യക്തത അവർക്ക് ഉണ്ടായിരിക്കും.

- നിങ്ങളുടെ ജീവിതം മികവുറ്റതായിരിക്കണം എന്നതിൽ കൂടുതൽ കരുതൽ നിങ്ങൾക്ക് ഉണ്ടായിരിക്കണം. നിങ്ങൾ ചെയ്യുന്ന പ്രവർത്തിയുടെ അനന്തരഫലങ്ങൾ നിങ്ങളെ ബാധിക്കുമെന്ന് ഓർക്കണം.

- മറ്റെല്ലാവരേയുംകാൾ നിങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണം. മറ്റെല്ലാവരേയുംകാൾ നിങ്ങളെ കൂടുതൽ സ്നേഹിക്കണം. ഇത് സ്വാർത്ഥത അല്ല. തന്നെ മതിക്കുന്ന ഒരാൾക്കേ മറ്റുള്ളവരെയും മതിക്കാൻ കഴിയൂ.

- 'ഇത് നിങ്ങൾക്ക് സാധ്യമല്ല' എന്ന് മറ്റ് ആരു പറഞ്ഞാലും വിശ്വസിച്ച് തളരരുത്. നിങ്ങളുടെ ബലവും ബലഹീനതയും നിങ്ങൾക്ക് അറിയാം. അതിനാൽ നിങ്ങളുടെ ഉപബോധമനസ്സ് പറയുന്നത് അനുസരിക്കണം.

- മറ്റെല്ലാവരും ചെയ്യുന്നത് അതേ പോലെ ചെയ്യുന്നവർക്ക്, മറ്റുള്ളവരേയും കടന്ന് മികച്ച വിജയം നേടാൻ കഴിയില്ല. എല്ലാവരും ചക്രമാണ് ഉണ്ടാക്കുന്നതെങ്കിൽ, നിങ്ങൾ കാറുകൾ ഉണ്ടാക്കണം. മറ്റുള്ളവർ ചെയ്യാത്തത്, ഏറ്റവും മികവോടെ ചെയ്യുമ്പോഴാണ് മികച്ച വിജയം നേടാനുള്ള തെളിഞ്ഞ പാത തുറക്കുന്നത്.

- സാങ്കേതികവിദ്യകൾ നിങ്ങളുടെ ജോലിക്കും പഠനത്തിനും ഉപയോഗപ്പെടുത്തണം. സമയം പോക്കാൻ ഉപയോഗപ്പെടുത്തുന്നത് കുറയ്ക്കണം. ആഴ്ചയിൽ നാലു മണിക്കൂർ എങ്കിലും ഫോൺ, ടിവി എന്നിങ്ങനെ ഒന്നുമില്ലാതെ ഒറ്റയ്ക്കിരുന്ന് പഠിക്കാനും ചിന്തിക്കാനും ചെലവഴിക്കണം.

- ധാരാളം ചെലവഴിക്കണം. നിങ്ങളുടെ സമയവും പണവും ഉപയോഗപ്രദമായ കാര്യങ്ങൾക്ക് ചെലവഴിക്കണം. ധാരാളം ചെലവഴിക്കുമ്പോൾ നിങ്ങൾക്ക് ധാരാളം തിരികെ ലഭിക്കുകയും ചെയ്യും. •



# സന്തോഷം സമ്പാദിക്കുന്ന പാടവം

നാട്ടിൽ പ്രശസ്തമായ ഒരു ബേക്കറി ഉണ്ടായിരുന്നു. ഒരു ഭാഗത്ത് കേക്കുകൾ, ബിസ്കറ്റുകൾ, മധുരപലഹാരങ്ങൾ എന്നിങ്ങനെ വിൽപന നടക്കും മറ്റൊരു ഭാഗത്ത് ചായ. വൈകുന്നേരം വട, ബജി എന്നിങ്ങനെ കച്ചവടം പൊടിപൊടിക്കും. എല്ലാത്തിനും രുചിയുള്ളതിനാൽ എപ്പോഴും കടയിൽ തിരക്കായിരിക്കും.

ആ കടയ്ക്ക് പേരും ബോർഡും ഒന്നുമില്ല. പക്ഷേ, നാട്ടുകാർ അതിനെ 'ജോളിക്കട' എന്നാണ് വിളിക്കുന്നത്. അതിന് കാരണം ഉണ്ടായിരുന്നു. ആ കടയുടെ ഉടമസ്ഥൻ എപ്പോഴും ചിരിച്ച മുഖത്തോടെ ആയിരിക്കും. 10 രൂപയ്ക്ക് ബിസ്കറ്റ് വാങ്ങാൻ വരുന്ന ഒരാളെയും ആയിരം രൂപയ്ക്ക് മധുരപലഹാരങ്ങൾ വാങ്ങുന്ന ഒരാളെയും തുല്യ ബഹുമാനത്തോടെ വരവേൽക്കും. കടയിൽ തിരക്കേറുമ്പോഴും അദ്ദേഹം ടെൻഷൻ ആകില്ല. 'ഇവർക്ക് എന്ത് വേണമെന്ന് ചോദിക്കൂ, അവിടെ എന്തിനാ വെറുതേ നിൽക്കുന്നത്?' എന്നൊന്നും ജീവനക്കാരെ ശാസിക്കില്ല. ചില മഴ ദിവസങ്ങളിൽ വേണ്ടത്ര കച്ചവടം ഇല്ലാതെ ഭക്ഷ്യവസ്തുക്കൾ മിച്ചം വരും. ഒറ്റ ദിവസത്തിൽ കേടാകുന്ന വസ്തുക്കൾ കുപ്പയിൽ കളയേണ്ട ചുറ്റുപാട് ഉണ്ടാകുമ്പോഴും അദ്ദേഹം ടെൻഷൻ ആകില്ല.

ആ കട ഉടമ തന്റെ ഷർട്ടിൽ 'ഈ ലോകത്ത് ഏറ്റവും സന്തോഷവാൻ ഞാനാണ്' എന്ന ഒരു ബാഡ്ജ് കുത്തിയിരിക്കും. കടയിലെ ജീവനക്കാരും അത്തരത്തിൽ ബാഡ്ജ് ധരിച്ചിരിക്കും.

ഒരു ദിവസം അന്യദേശത്തു നിന്ന് ആ വഴിയിലൂടെ വന്ന ഒരു കച്ചവടക്കാരൻ, ചായ കുടിക്കാനായി ആ കടയിൽ എത്തി. കടയുടമയും ജീവനക്കാരും പെരുമാറുന്ന വിധം കണ്ട് ആശ്ചര്യം തോന്നി. 'എങ്ങനെ നിങ്ങൾക്ക് ഇങ്ങനെ ഇടപഴകാൻ കഴിയുന്നു' എന്ന് ചോദിച്ചു.

കടയുടമ അതിന് ഒരു നീണ്ട മറുപടി നൽകി... 'ഈ ലോകത്തെ ഏറ്റവും വലിയ ധനികൻ ആകണം എന്ന് ആഗ്രഹിച്ചാലാണ് ടെൻഷൻ വരുന്നതും ഉറക്കം നഷ്ടപ്പെടുന്നതും. ധാരാളം പേരോട് മത്സരിക്കേണ്ടി വരും. എന്നാൽ, 'ലോകത്തിൽ ഏറ്റവും വലിയ സന്തോഷവാനായി' മത്സരിക്കാൻ ആരും താൽപര്യം കാണിക്കാറില്ല.

ഇങ്ങനെ ഒരു കച്ചവടം നടത്താനുള്ള അവസരം എനിക്ക് ലഭിച്ചിരിക്കുന്നു. ഇതിൽ ചിലർക്ക് തൊഴിൽ നൽകാനും കഴിഞ്ഞിട്ടുണ്ട്. ഞങ്ങളുടെ കടയിലേക്ക് ജനങ്ങൾ ഏത് മാനസികാവസ്ഥയിൽ എത്തിയാലും, സന്തോഷത്തോടെ മടങ്ങിപ്പോകുന്നു. അതിൽ ലഭിക്കുന്ന മനസംതൃപ്തി വളരെ വലുതാണ്.

ചിലർ ഞങ്ങളെ ദേഷ്യം പിടിപ്പിക്കാൻ ശ്രമിക്കും. ചിരിച്ചു കൊണ്ട് അവരുടെ ദേഷ്യം ഇല്ലാതാക്കും. ചില ആൾക്കാർ ഞങ്ങളുടെ പക്കൽ ഇല്ലാത്തത് ആവശ്യപ്പെടും. അതിനു ശേഷം അവയെല്ലാം പുതിയതായി തയാറാക്കി, അത് വാങ്ങാൻ കൂടുതൽ ഉപഭോക്താക്കളെ സൃഷ്ടിക്കും. പോസിറ്റീവ് ആയ മനസ്സോടെ ഈ വെല്ലുവിളികൾ പരിഹരിക്കും' എന്ന് പറഞ്ഞു കടയുടമ.


സന്തോഷം സമ്പാദിക്കാനുള്ള പാടവം ഉണ്ടെങ്കിൽ, മറ്റെല്ലാം താനേ വരും. •

# ശ്രദ്ധയോടെ കാലുകൾ വയ്ക്കണം



ഒരു സന്ന്യാസിയുടെ മുതിർന്ന ശിഷ്യരിൽ രണ്ടു പേർ തടാകത്തിൽ മീൻ പിടിക്കാൻ വള്ളത്തിൽ പോയി. ആശ്രമത്തിൽ പുതിയതായി ചേർന്ന ഒരു ശിഷ്യനും അവരോടൊപ്പം പോയിരുന്നു. ധാരാളം മീനുകൾ പിടിച്ച് വള്ളത്തിൽ ശേഖരിച്ചു. ഒരു ഘട്ടത്തിൽ ചൂണ്ടയിൽ കോർക്കാനുള്ള ഇര തീർന്നു പോയി. മുതിർന്ന ശിഷ്യരിൽ ഒരാൾ, 'ഞാൻ പോയി എടുത്തു വരാം' എന്ന് പറഞ്ഞ് വള്ളത്തിൽ നിന്ന് തടാകത്തിൽ കാൽ വച്ചു. അതിശയം തന്നെ... അവൻ തടാകത്തിൽ മുങ്ങിപ്പോയില്ല, നീന്തിയതും ഇല്ല. വെള്ളത്തിനു മുകളിലൂടെ നടന്ന് കരയിൽ പോയി ഇര എടുത്തു കൊണ്ടു വന്നു. പുതിയ

# ഫീനിക്സിനെപ്പോലെ ഉയിർത്തെഴുന്നേൽക്കണം



വീഴുന്നത് തെറ്റല്ല. വീണിടത്തു തന്നെ കിടക്കുന്നതാണ് തെറ്റ്. ഇന്ന് ലോകത്തെ നമ്പർ 1 സമ്പന്നൻ എന്ന ബഹുമതി നേടിയ ഇലോൺ മസ്ക്, ഇങ്ങനെ എത്രയോ തവണ വീണ് എണീറ്റ വ്യക്തിയാണ്. പേപാൾ എന്ന സ്ഥാപനത്തിൽ ഒരു ജീവനക്കാരനായി ജീവിതം ആരംഭിച്ച വ്യക്തിയാണ് ഇലോൺ മസ്ക്. മേലധികാരിയുമായുമായുള്ള കശപിശയിൽ അദ്ദേഹത്തിന് ജോലി നഷ്ടപ്പെട്ടു. അതിനു ശേഷം മലേറിയ പിടിപെട്ട് മസ്തിഷ്കം വരെ ബാധിക്കപ്പെട്ടു. ആറു മാസത്തെ ചികിത്സയ്ക്കു ശേഷം എങ്ങനെയോ അദ്ദേഹം രക്ഷപ്പെട്ടു.

തുടർന്ന് സാങ്കേതികജ്ഞാനം കൊണ്ട് സമ്പാദിച്ച മുഴുവൻ പണവും നിക്ഷേപിച്ച് 'സ്പേസ് എക്സ്' എന്ന റോക്കറ്റ് വിക്ഷേപണ സ്ഥാപനം ആരംഭിച്ചു. അദ്ദേഹം വിക്ഷേപിച്ച ആദ്യത്തെ മൂന്ന് റോക്കറ്റുകളും പൊട്ടിച്ചിതറി. സ്ഥാപനത്തിൽ നിക്ഷേപിച്ച എല്ലാവരും പിൻവാങ്ങി. ഇനി ഒരു റോക്കറ്റ് വിക്ഷേപിക്കാനുള്ള പണം മാത്രമായിരുന്നു ശേഷിച്ചിരുന്നത്. അതും പരാജയപ്പെട്ടാൽ, തെരുവിലാകേണ്ട അവസ്ഥ. റിസ്ക് എടുത്ത് അതിൽ വിജയിച്ചു.

അതിനു ശേഷം അദ്ദേഹം ടെസ്‌ല കാർ കമ്പനി ആരംഭിച്ചു. അദ്ദേഹത്തിന്റെ സ്ഥാപനം നിർമ്മിച്ച കാറുകൾ വിലക്കൂടുതൽ ആയതിനാൽ ജനങ്ങൾ താൽപര്യം കാണിച്ചില്ല. വലിയ നഷ്ടം നേരിട്ട അദ്ദേഹത്തിന് ജീവിതകാല സമ്പാദ്യം മുഴുവനും നിക്ഷേപിക്കേണ്ട അവസ്ഥ. അതും മതിയാകാതെ കടവും വാങ്ങി. അങ്ങനെ ആ കാർ അമേരിക്കൻ ജനത ഇഷ്ടപ്പെട്ടു തുടങ്ങിയപ്പോൾ, ഇലോൺ മസ്ക് ഉയിർത്തെഴുന്നേറ്റു. റിസ്ക് എടുത്ത് നഷ്ടപ്പെട്ടാലും, ഉയിർത്തെഴുന്നേൽക്കാനുള്ള കഴിവ് ഉണ്ടായിരുന്നതിനാലാണ് അദ്ദേഹം ലോകത്തിലെ ഏറ്റവും വലിയ സമ്പന്നനായി മാറിയത്.

ശിഷ്യൻ അത്ഭുതത്തോടെ ഇത് നോക്കിയിരുന്നു.

അതിനു ശേഷം ഒരു മണിക്കൂറിൽ ആ ഇരയും തീർന്നു പോകുന്നത്ര ധാരാളം മീനുകൾ പിടിച്ചു അവർ. ഇത്തവണ മറ്റൊരു മുതിർന്ന ശിഷ്യൻ, കരയിലേക്ക് അതേ പോലെ വെള്ളത്തിലൂടെ നടന്നു പോയി ഇര എടുത്തു കൊണ്ടു വന്നു. ഇത്തവണയും പുതിയ ശിഷ്യന് ആശ്ചര്യം അടക്കാൻ കഴിഞ്ഞില്ല. മുതിർന്ന ശിഷ്യരോട് ഇക്കാര്യം ചോദിക്കണമെന്ന് ചിന്തിച്ചെങ്കിലും, അവൻ ചോദിച്ചില്ല. ഈ സന്ന്യാസിയുടെ ഒപ്പം ചേർന്ന എല്ലാവരും ഭക്തിയോടെ അദ്ദേഹത്തെ വണങ്ങിയാൽ ഈ ശക്തി ലഭിക്കും എന്ന് അവൻ വിശ്വസിച്ചു.

അടുത്ത തവണ ഇര തീർന്നപ്പോൾ, 'ഞാൻ കരയ്ക്കു പോയി എടുത്തു വരാം' എന്നു പറഞ്ഞ് എഴുന്നേറ്റു പുതിയ ശിഷ്യൻ. തങ്ങളുടെ ഗുരുവായ സന്ന്യാസിയെ മനസ്സിൽ ധ്യാനിച്ച്, കൈകൾ കൂപ്പി കണ്ണുകൾ അടച്ച് പ്രാർത്ഥിച്ചു. തന്റെ മുതിർന്നവരെപ്പോലെ വള്ളത്തിൽ നിന്ന് ഇറങ്ങി വെള്ളത്തിൽ കാൽ വച്ചു. അടുത്ത നിമിഷം തന്നെ അവൻ മുങ്ങിപ്പോയി. കൈകാലിട്ടടിച്ച് വെള്ളത്തിനു മുകളിൽ അവൻ എത്തിയതും, മുതിർന്ന ശിഷ്യർ അവനെ ശാസിച്ചു. 'നിനക്ക് ഭക്തി ഉണ്ടെങ്കിൽ അതവിടെ ഇരിക്കട്ടെ! വെള്ളത്തിനുള്ളിൽ പാകിയിരിക്കുന്ന പാറകളെ നോക്കി കാൽ വച്ച് നടന്നു പോ! ഇത് കാലങ്ങളായി ഗ്രാമവാസികൾ ഉപയോഗപ്പെടുത്തുന്ന വഴിയാണ്' എന്ന് അവർ പറഞ്ഞു. അപ്പോഴാണ് അവർ 'വെള്ളത്തിൽ നടന്ന രഹസ്യം' അവന് മനസ്സിലായത്.

മറ്റുള്ളവരുടെ വിജയത്തെ അമ്പരപ്പോടെ കാണാതെ, അവർ എങ്ങനെ അത് കൈവരിച്ചു എന്ന വഴി ശ്രദ്ധിക്കണം. നിങ്ങൾക്കും ആ കഴിവ് കൈവരിക്കാം.

# സ്വപ്നവും താൽപര്യവും

രാജേഷിന് ഐഐടിയിൽ ചേർന്ന് പഠിക്കണം എന്നതാണ് ലക്ഷ്യം. അതിനായി പ്രശസ്തമായ ഒരു കോച്ചിങ് സെന്ററിൽ ചേർന്ന് എൻട്രൻസ് പരീക്ഷയ്ക്ക് പഠിച്ചു. അവൻ എപ്പോഴും മുൻനിരയിൽ മാർക്ക് നേടുന്ന വിദ്യാർത്ഥിയാണ്. എന്നിരുന്നാലും, ലക്ഷങ്ങൾ ചെലവഴിച്ച് പഠിച്ചിട്ടും അവന് ഐഐടിയിൽ ചേരാൻ വേണ്ടത്ര മാർക്ക് നേടാൻ കഴിഞ്ഞില്ല. മറ്റ് മാർഗമില്ലാതെ നാട്ടിലെ ഒരു എഞ്ചിനീയറിങ് കോളെജിൽ ചേർന്നു.



ചില ദിവസങ്ങൾക്കു ശേഷം അവനെ അന്വേഷിച്ച് ഒരു കുട്ടി എത്തി. 'ചേട്ടാ, എനിക്ക് ഐഐടിയിൽ ചേരണം. പക്ഷേ കോച്ചിങ്ങിന് പോകാനുള്ള സാമ്പത്തികമില്ല. നിങ്ങൾ കോച്ചിങ്ങിന് പോയപ്പോൾ പഠിച്ച പുസ്തകങ്ങൾ എനിക്ക് തരുമോ? ഞാൻ അത് പഠിച്ച് എൻട്രൻസ് എക്സാം എഴുതി നോക്കാം' എന്ന് പറഞ്ഞു അവൻ.

ആ കുട്ടിയെ രാജേഷിന് അറിയാം. സമീപ പ്രദേശത്തുള്ള ദരിദ്ര കുടുംബത്തിലെ കുട്ടിയാണ്. നാട്ടിൻപുറത്തെ സ്കൂളിലാണ് പഠിക്കുന്നത്. 'ഞാൻ കോച്ചിങ്ങിനു പോയിട്ടു പോലും പാസായില്ല. ഇവൻ എന്തു ചെയ്യാൻ പോകുന്നു' എന്ന് മനസ്സിൽ ചിന്തിച്ചെങ്കിലും, എല്ലാ പുസ്തകങ്ങളും അവന് നൽകി അനുഗ്രഹിച്ചു. എങ്ങനെ പരീക്ഷ എഴുതണം എന്ന് ഉപദേശിച്ചു.

ആ വർഷം ആ കുട്ടി ആനന്ദക്കണ്ണീരോടെ എത്തി രാജേഷിന്റെ വീട്ടു വാതിലിൽ തട്ടി. അവന്റെ കൈവശം മധുരപലഹാരങ്ങളുടെ ഒരു പെട്ടി ഉണ്ടായിരുന്നു. 'ഞാൻ പാസായി ചേട്ടാ. എനിക്ക് ഐഐടിയിൽ സീറ്റ് ലഭിച്ചു' എന്ന് പറഞ്ഞു അവൻ. രാജേഷ് സന്തോഷം കൊണ്ട് അത്ഭുതപ്പെട്ടു. ആ കുട്ടിയോട് സംസാരിച്ചപ്പോൾ, അവന്റെ ഉള്ളിൽ ഉണ്ടായിരുന്ന വലിയ സ്വപ്നവും താൽപര്യവുമാണ് അവനെ ഐഐടി പരീക്ഷയിൽ ജയിക്കുന്ന മിടുക്കനാക്കി മാറ്റിയത് എന്ന് ബോധ്യപ്പെട്ടു.

# പുതുമകൾ തേടുന്നവരെ വിജയം പുണരും



ഒരു ചെറിയ നഗരത്തിൽ ആഭരണക്കട നടത്തിയ മധ്യവർഗത്തിലാണ് ഷക്കീര ജനിച്ചത്. ഒരു ഘട്ടത്തിൽ ബിസിനസിൽ നഷ്ടം സംഭവിച്ച് കാർ, വീട് എല്ലാം വിൽക്കേണ്ട അവസ്ഥയിലെത്തി കുടുംബം. അച്ഛനും അമ്മയും ദാരിദ്ര്യത്തിലായപ്പോൾ തന്റെ അമ്മാവന്റെ വീട്ടിൽ ചില വർഷങ്ങൾ വളർന്നു ഷക്കീര. ശേഷം വീട്ടിൽ എത്തിയ അവൾ, 'നാം എന്തു കൊണ്ട് ഇത്ര ദരിദ്രരായി?' എന്ന് അച്ഛനോട് ചോദിച്ചു. സ്വന്തം വീടില്ലാതെ തെരുവോരത്ത് താമസിക്കുന്ന ദരിദ്രരെ ചൂണ്ടിക്കാട്ടിയ അച്ഛൻ, 'ഇവരേക്കാൾ മോശമല്ല നമ്മുടെ അവസ്ഥ' എന്നു പറഞ്ഞു. ദാരിദ്ര്യത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കും എന്ന് ശപഥം ചെയ്തു ഷക്കീര.

എട്ടാം വയസ്സിൽ സ്കൂൾ സംഗീത ഗ്രൂപ്പിൽ ചേർന്നു ഷക്കീര. 'പക്ഷേ, നിന്റെ ശബ്ദം സംഗീതത്തിന് ചേരില്ല' എന്ന് പറഞ്ഞ് സ്കൂൾ അധ്യാപകർ നിരസിച്ചു. നിരാശയോടെ വീട്ടിലെത്തിയ ഷക്കീരയെ അച്ഛൻ ആശ്വസിപ്പിച്ച് സംഗീതവും നൃത്തവും പഠിപ്പിക്കാൻ അയച്ചു. തനിക്ക് സ്വാഭാവികമായി ഈ കഴിവുകൾ ഉണ്ടെന്ന് അപ്പോഴാണ് ഷക്കീരയ്ക്ക് ബോധ്യമായത്.

ഷക്കീര തുടക്കത്തിൽ പുറത്തിറക്കിയ രണ്ട് സംഗീത ആൽബങ്ങൾക്ക് വലിയ വരവേൽപ് ലഭിച്ചില്ല. എങ്കിലും അവൾ ആത്മവിശ്വാസം കൈവിട്ടില്ല. മൂന്നാമത്തെ ആൽബം താൻ ആഗ്രഹിച്ചതു പോലെ ഉണ്ടാക്കി. അത് അവൾക്ക് വലിയ പ്രശസ്തി നേടിക്കൊടുത്തു. അതിനു ശേഷം അവൾ ഉയരങ്ങളിലേക്ക് കുതിച്ചു കൊണ്ടേയിരിക്കുന്നു. കൊളംബിയ എന്ന രാജ്യത്തിന് ഇന്ന് അവൾ അടയാളമാണ്.

തന്റെ കഴിവിൽ വിശ്വസിക്കുന്ന ഒരാൾക്ക്, അതിലൂടെ തന്റെ സ്വപ്നങ്ങൾ സ്വന്തമാക്കാൻ കഴിയും എന്നതിന് ഷക്കീര ജീവിക്കുന്ന ഉദാഹരണം. നിങ്ങളുടെ കഴിവുകൾ ചെത്തിമിനുക്കാൻ, ഇനി പറയുന്ന ഗുണങ്ങൾ കൈവരിക്കണം:

- മേഖല ഏതായാലും, ശരിയായ തീരുമാനങ്ങൾ എടുക്കാൻ ആവശ്യമായ അറിവ് നേടണം.
- വികാരങ്ങൾ നിയന്ത്രണത്തിലാകണം. വികാരത്തള്ളിച്ചയിൽ വിവേകം നഷ്ടപ്പെടരുത്.
- നിങ്ങൾ ഇതു വരെ നേടിയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഉപബോധ മനസ്സ് നിങ്ങൾക്ക് കൃത്യമായ വഴികാട്ടും. അതിനാൽ, സുപ്രധാന സന്ദർഭങ്ങളിൽ നിങ്ങളുടെ ഉൾമനസ്സ് പറയുന്നത് കേൾക്കണം.
- നിങ്ങളുടെ ഉള്ളിൽ തണലായിരിക്കുന്ന പ്രചോദനം കൈവിടരുത്. ഒരു തീപ്പൊരി പോലും അണയാത്ത അടുപ്പായി മാറാൻ കരുത്തുറ്റതാണ്.
- എത്ര കഠിനമായ ചുറ്റുപാടിലും, പ്രതിസന്ധി ഘട്ടത്തിലും ആത്മവിശ്വാസം നഷ്ടപ്പെടുത്തരുത്.
- ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് അറിഞ്ഞ് സഞ്ചരിക്കണം. ശരിയുടെ ഭാഗത്ത് നിന്ന്, നല്ല ഗുണങ്ങളിലൂടെ എന്തു ചെയ്തും വിജയം നേടുന്നത് അഭിമാനാർഹമായതാണ്.
- പുതുമകൾ ചിന്തിക്കണം, പ്രാവർത്തികമാക്കണം. പുതിയ വഴികൾ കണ്ടറിയുന്ന കഴിവ് ഉള്ളവരെ വിജയം പുണരും.



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 & Printed by B. ASHOK KUMAR at RATHNA OFFSET PRINTERS, 40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL


RAMRAJ
VESTS
BRIEFS I TRUNKS
ACTIVE FIT
VEST

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-08-2026.Posted at Tirupur BPC on 5th of every month.

